# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# അന്തിമ രേഖ

***പത്തനംതിട്ട ജില്ലാകളക്ടർ ചുമതലപ്പെടുത്തിയത്***

## *കോന്നി മെഡിക്കൽ കോളേജ് റോഡ് വികസനത്തിനായി പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ*

***22, സെപ്തംബർ 2025***

**അർത്ഥനാധികാരി**

പൊതുമരാമത്ത് വകുപ്പ്
(നിരത്ത് വിഭാഗം)
പത്തനംതിട്ട

**ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ**

സ്പെഷ്യൽ തഹസിൽദാർ
എൽ.എ. (ജനറൽ)
സിവിൽ സ്റ്റേഷൻ
പത്തനംതിട

***സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്***

രാജഗിരി കോളേജ് ഓഫ് സോഷ്യൽ
സയൻസസ്, രാജഗിരി പി.ഒ.,
കളമശ്ശേരി, പിൻ –683104
ഫോൺ: 0484 2911330–332/2550785
rajagirisia@gmail.com
www.rajagiri.edu

# ഉള്ളടക്കം

**അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2 : പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2 നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു താൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനുവേണ്ട വിവരശേഖരണം നടത്തിയ രീതിയും

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറിങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

3.5a. *പബ്ലിക് ഹിയറിങ്ങ്*

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതിബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7 ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്**

5.1 കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസ കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെപരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6 : സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവനഘടകങ്ങൾ

6.7 കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ടിതമായ പൗരസംഘടനകൾ

6.11 പ്രാദേശികവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണം (Social Impact Management Plan)**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാകാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 സാമൂഹ്യ പ്രത്യാഘാതലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി – സ്ഥാപന സംവിധാനം**

8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചെലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം –രൂപരേഖ

**അദ്ധ്യായം 11 : ഭൂമിയേറ്റെടുക്കലിൽ ഉണ്ടാകുവാനിടയുള്ള ചെലവുകളുടെയും നേട്ടങ്ങളുടെയും വിശകലനവും ശുപാർശയും**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

11.2.a.നിയമാനുസൃതമായ പ്രത്യാഘാത ലഘൂകരണ നടപടികൾ

11.2.b. എസ്.ഐ.എ.യൂണിറ്റിന്റെ ശുപാർശകൾ

**പട്ടികകൾ**

1.3.1. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ

1.5.1 പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ

3.1.1. പഠന സംഘം

3.5.1:പബ്ലിക് ഹിയറിങ്ങിൽ പങ്കുവെച്ച ആശങ്കകളും ബന്ധപ്പെട്ട അധികാരികൾ നൽകിയ മറുപടികളും

5.6.2. പദ്ധതിബാധിതമാകുന്ന ചമയങ്ങൾ

7.6.1. സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

**ചിത്രങ്ങൾ**

3.5.1. പബ്ലിക് ഹിയറിങ്ങിന്റെ ചിത്രങ്ങൾ

4.1.1. പദ്ധതി പ്രദേശത്തിന്റെ ലൊക്കേഷൻ മാപ്പ്

4.7.1. ആഘാതബാധിതഭൂമിയുടെ തരം

4.7.2. ആഘാതബാധിതഭൂമിയുടെ നിലവിലെ ഉപയോഗം

6.1.1. പദ്ധതിബാധിത ജനസംഖ്യയിലെ സ്ത്രീ–പുരുഷാനുപാതം

6.2.1. പദ്ധതിബാധിത കുടുംബങ്ങളുടെ പ്രധാനവരുമാനമാർഗം

# ആമുഖം

കേരളത്തിൽ സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ച സ്ഥാപനങ്ങളിലൊന്നാണ് എറണാകുളം ജില്ലയിലെ കളമശേരിയിൽ CMI തിരുഹൃദയ പ്രോവിൻസിൻെറ നേതൃത്വത്തിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്. വിദ്യാഭ്യാസത്തോടൊപ്പം, വിവിധ വിഷയങ്ങളിലുള്ള ഗവേഷണ പഠനങ്ങൾ, പ്രത്യാഘാത വിലയിരുത്തൽ പഠന ങ്ങൾ തുടങ്ങിയവയും പ്രായോഗിക തലത്തിലുള്ള സാമൂഹ്യ പ്രവർത്തനങ്ങളും രാജഗിരി കോളേജ് നടപ്പിലാക്കിവരുന്നു. RFCTLARR 2013 നിയമം അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ അംഗീകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന് ലഭിച്ചിട്ടുണ്ട്.

2025 ജൂൺ 3 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) വാല്യം 14, നമ്പർ 2086 ൽ പ്രസിദ്ധപ്പെടുത്തിയ പത്തനംതിട്ട ജില്ലാ കളക്ടറുടെ 31/05/2025 തീയതിയിലെ വിജ്ഞാപനം നമ്പർ സി2-9640/2013 പ്രകാരം പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിലെ ഐരവൺ വില്ലേജിൽ, ബ്ലോക്ക് നമ്പർ 34, 35 ൽ ഉൾപ്പെട്ട ഏകദേശം 46.21 ആർസ് ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് കോന്നി മെഡിക്കൽ കോളേജ് റോഡ് വികസന പദ്ധതിക്ക് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതു കൊണ്ട്, RFCTLARR Act 2013 വകുപ്പ് 4(1) പ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ൻെറ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും (അദ്ധ്യായം:7) ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

**ഡോ.(ഫാ) സാജു എം.ഡി**
**പ്രിൻസിപ്പാൾ & ചെയർപേഴ്സൺ (SIA)**

# അദ്ധ്യായം 1
# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1. പദ്ധതിയും പൊതു ആവശ്യവും

പത്തനംതിട്ട ജില്ലയിലെ കോന്നി പട്ടണത്തെയും കോന്നി മെഡിക്കൽ കോളേജിനെയും ബന്ധിപ്പിക്കുന്ന കോന്നി മെഡിക്കൽ കോളേജ് റോഡ് കൂടുതൽ സൗകര്യത്തോടു കൂടി വികസിപ്പിക്കുന്നതിനാണ് നിലവിലെ ഭൂമി ഏറ്റെടുക്കൽ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. കോന്നി മെഡിക്കൽ കോളേജിലേക്ക് വരുന്നതിന് പദ്ധതിപ്രദേശത്ത് നിലവിലുള്ള ഇടുങ്ങിയതും സുരക്ഷിതമല്ലാത്തതുമായ റോഡ് പുനർനിർമ്മിച്ച് കോന്നി പട്ടണത്തിൽ നിന്നും കോന്നി മെഡിക്കൽ കോളേജിലേക്ക് മെച്ചപ്പെട്ട റോഡ് ഗതാഗതം ഉറപ്പാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. മുരിങ്ങാമംഗലം ജംഗ്ഷൻ മുതൽ വട്ടമൺ വരെയുള്ള പി.ഡബ്ല്യു.ഡി റോഡും വട്ടമൺ മുതലുള്ള പഞ്ചായത്ത് റോഡുമാണ് പദ്ധതിയിൽ ഉൾപ്പെട്ട് വരുന്നത്. ആകെ 4.6 കിലോ മീറ്റർ നീളത്തിലുള്ള റോഡ് ശരാശരി 9.5 മീറ്റർ വീതിയിലാണ് വികസിപ്പിക്കുന്നത്.

ഭൂരിഭാഗം ഉടമകളിൽ നിന്നും ധാരണാപത്രം പ്രകാരം ഭൂമി ഏറ്റെടുത്തുകൊണ്ട് 2024 ൽ പദ്ധതി പ്രദേശത്ത് നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചുകഴിഞ്ഞു. ധാരണാപത്രം പ്രകാരം ഏറ്റെടുത്തിട്ടില്ലാത്തതും എന്നാൽ പദ്ധതിക്ക് ആവശ്യമായ് വരുന്നതുമായ ഭൂമി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുസരിച്ച് ഏറ്റെടുക്കുന്നതിൻെറ ഭാഗമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തു ന്നതിന് പത്തനംതിട്ട ജില്ലാ കളക്ടറുടെ 2025 മെയ് 31 തീയതിയിലെ ഫോറം നമ്പർ 4 വിജ്ഞാപനം 03/06/2025 തീയതിയിൽ 2086 നമ്പർ കേരളഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തി.

പദ്ധതി പ്രദേശത്ത് നിലവിലുള്ള റോഡ് കൂടുതൽ സൗകര്യങ്ങളോടുകൂടി വികസിപ്പിക്കുക എന്നത് പ്രദേശത്തിൻെറ അടിസ്ഥാന സൗകര്യ വികസനത്തിൻെറ ഭാഗമാണ്. ആയ തിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 സെക്ഷൻ 2(1)ബി(i) അനുസരിച്ച്, ടി

നിയമാനുസരണം ഭൂമി ഏറ്റെടുക്കൽ നടപ്പിലാക്കാവുന്ന ഒരു പൊതു ആവശ്യമാണ് കോന്നി മെഡിക്കൽ കോളേജ് റോഡ് നിർമ്മാണ പദ്ധതി.

## 1.2. പദ്ധതി പ്രദേശം

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിൽ 8, 9, 10 വാർഡുകളിൽ ഉൾപ്പെടുന്നതാണ് നിർദ്ദിഷ്ട പദ്ധതിപ്രദേശം. പദ്ധതിപ്രദേശം ജനവാസസ്ഥലങ്ങളും കൃഷിയിടങ്ങളുമാണ്.

## 1.3. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

2025 ജൂൺ 3 തീയതിയിലെ വാല്യം 14, നമ്പർ 2086 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ പത്തനംതിട്ട ജില്ലാകളക്ടറുടെ 2025 മെയ് 31 തീയതിയിലെ നമ്പർ സി2-9640/2013 ഫോറം നമ്പർ 4 വിജ്ഞാപനം അനുസരിച്ച് കോന്നി മെഡിക്കൽ കോളേജ് റോഡ് വികസനത്തിനുവേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ വിവരങ്ങൾ പട്ടിക 1.3.1.ൽ നൽകിയിരിക്കുന്നു

**പട്ടിക 1.3.1.: ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ**

*ജില്ല : പത്തനംതിട്ട*
*താലൂക്ക് : കോന്നി*
*ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ ഏകദേശ വിസ്തീർണ്ണം : 46.21 ആർസ്*

| വില്ലേജ് & ബ്ലോക്ക് നമ്പർ | റീസർവ്വെ നമ്പർ |
|---|---|
| ഐരവൺ<br>34 & 35 | 41/8, 41/16, 38/8, 38/12, 38/18, 56/23, 57/5, 57/10, 63/5, 201/1, 201/2, 201/6, 205/14, 204/6, 204/1, 204/24, 203/18, 203/2, 110/11, 50/17, 47/6, 47/7, 46/14, 46/2, 60/5, 60/9, 60/6, 199/4, 199/13, 199/6, 204/8, 203/31, 203/30, 182/15, 192/1, 74/4, 74/2, 73/16, 73/12, 84/3, 27/14, 27/13, 182/10, 190/1, 75/3, 79/17, 80/8, 80/10, 95/11, 95/7, 95/5, 95/4, 85/10, 85/9, 85/2, 85/7, 85/5, 85/4, 85/3, 80/5 |

മേൽ പറഞ്ഞ സർവ്വെനമ്പരുകൾ കൂടാതെ അർത്ഥനയിൽ പുതിയതായി ചേർക്കപ്പെട്ട ***41/4, 41/5, 41/20*** എന്നീ സർവ്വെനമ്പറുകളും പത്തനംതിട്ട ജില്ലാകളക്ടറുടെ 08/09/2025

തീയതിയിലെ നം.DCPTA/4126/2025-C2 കത്ത് പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1.4. പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

പദ്ധതി പ്രദേശത്ത് നിലവിലുള്ള റോഡിന്റെ വികസനമാണ് നിർദ്ദിഷ്ട പദ്ധതി ലക്ഷ്യമിടുന്നത് എന്നതിനാൽ ഇതരമാർഗങ്ങളുടെ പരിഗണന അപ്രസക്തമാണ്.

## 1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

പ്രദേശത്തിന്റെ സർവതോന്മുഖമായ വികസനത്തിന് വഴിതെളിക്കുന്ന ഒരു പദ്ധതിയാണ് കോന്നി മെഡിക്കൽ കോളേജ് റോഡ് വികസന പദ്ധതി. എന്നിരുന്നാലും ടി റോഡിന്റെ വികസനത്തിനുവേണ്ടി ഇരുവശങ്ങളിലും നിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ പ്രദേശത്തെ ഭൂവുടമകൾക്ക് കൈവശഭൂമിയിൽ കുറവ് വരുന്നതിനും ഭൂമിയിലെ വിവിധങ്ങളായ ചമയങ്ങൾ നഷ്ടമാകുന്നതിനും സാധ്യതയുണ്ട് എന്ന് മനസിലാക്കുന്നു. പൊതുമരാമത്ത് വകുപ്പ് കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് പദ്ധതിക്ക് ആവശ്യമായി വരുന്ന 228 സർവെ നമ്പറുകളിൽ 165 സർവെനമ്പറുകളിലെ ഭൂമി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം പ്രകാരം ഏറ്റെടുത്തിട്ടുണ്ട് എന്ന് മനസിലാക്കുന്നു. അവശേഷിക്കുന്ന 63 സർവെനമ്പറുകളിലെ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്.

പത്തനംതിട്ട ജില്ലാകളക്ടർ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി പ്രസിദ്ധപ്പെടുത്തിയ 63 സർവ്വെനമ്പറുകളിലുള്ള ഭൂമി 60 ഉടമകളുടെ കൈവശത്തിലുള്ളതാണ് എന്ന് മനസിലാക്കുന്നു. ഉടമകളുടെ പേര് വിവരങ്ങൾ അനുബന്ധം 9 ആയി നൽകിയിട്ടുണ്ട്. പ്രസ്തുത ഉടമകളിൽ 48 പേരെയാണ് (54 സർവ്വെ നമ്പറുകളുടെ ഉടമകൾ) എസ്.ഐ.എ യൂണിറ്റിന് വിവരശേഖരണം നടത്തുവാൻ കഴിഞ്ഞത്. പ്രസ്തുത വിവര ശേഖരണത്തിൽ ഏതാനും ഉടമകൾ തങ്ങളുടെ ഭൂമി വിട്ടുനൽകുന്നതിന് പി.ഡബ്ല്യു.ഡിയിൽ സമ്മതപത്രം നൽകിയിട്ടുണ്ട് എന്ന് എസ്.ഐ.എ. യൂണിറ്റിനോട് വെളിപ്പെടുത്തി. നിലവിൽ പദ്ധതി പ്രദേശത്ത് ഭൂമി ഒരുക്കി നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി വിട്ടുനൽകിയ ഉടമകളുടെ ഭൂമി പദ്ധതിബാധിത പ്രദേശത്തെ ചമയങ്ങൾ മാറ്റി നിർമ്മാണ പ്രവർത്തനത്തിനായി ഒരുക്കി കഴിഞ്ഞു എന്നതിനാൽ ടി ഭൂവുടമകൾക്ക് ഉണ്ടായിട്ടുള്ള നഷ്ടങ്ങളുടെ ലഘൂകരണ നടപടികൾ ഭൂവുടമകളും പൊതുമരാമത്ത് വകുപ്പുമായി ധാരണയിലെത്തിയിട്ടുണ്ട് എന്ന് മനസിലാക്കുന്നു. എന്നിരുന്നാലും ഇവരിൽ

ചില ഉടമകൾക്ക് ഭൂമിക്കും ചമയങ്ങൾക്കും തീരുമാനിക്കപ്പെട്ട നഷ്ടപരിഹാരത്തെക്കുറിച്ച് പരാതിയുണ്ട് എന്ന് എസ്.ഐ.എ. യൂണിറ്റിനോട് വെളിപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യ പ്പെട്ടിരിക്കുന്ന സർവ്വെനമ്പറുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള സാമൂഹ്യപ്രത്യാഘാതങ്ങൾ പട്ടിക 1.5.1.ൽ വിലയിരുത്തുന്നു

**പട്ടിക 1.5.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ**

| *ക്രമ നമ്പർ* | *പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതം* | *ഏകദേശ എണ്ണം* | *വിവരണം* |
|---|---|---|---|
| 1 | കൈവശഭൂമിയിൽ കുറവ് വരുന്നു | 60 ഉടമകൾ | |
| 2 | വീട് പദ്ധതിബാധിതമാകൽ | 2 ഉടമകൾ | 1 വീട് ഭാഗികമായി ഏറ്റെടുക്കപ്പെടുന്നു. 1 വീട് പദ്ധതിനിർമ്മാണം മൂലം ഇടിഞ്ഞു. |
| | | | അവശ്യസൗകര്യങ്ങൾ പുന:സ്ഥാപിക്കുവാൻ സ്ഥലം അവശേഷിക്കുന്നില്ല എന്നും പദ്ധതി പ്രദേശത്ത് സുരക്ഷിതമായി തുടർന്ന് താമസിക്കുവാൻ കഴിയില്ല എന്നും 1 കുടുംബം ആശങ്കപ്പെടുന്നു |
| 3 | അവശ്യസൗകര്യങ്ങൾ നഷ്ടമാകുന്നു | 5 ഉടമകൾ | ചുറ്റുമതിൽ (3), കരിങ്കൽ ഭിത്തി, സെപ്റ്റിക് ടാങ്ക്, കിണർ (4) |
| 4 | വൃക്ഷങ്ങൾ നഷ്ടമാകൽ | 3 ഉടമകൾ | |
| 5 | പുനരുപയോഗയോഗ്യമല്ലാത്ത തുണ്ടുഭൂമി ബാക്കിയാകൽ | 2 ഉടമകൾ | വീട് നിർമ്മാണത്തിനായി വാങ്ങിയ ഭൂമി പ്രസ്തുത ആവശ്യത്തിന് അനുയോജ്യമല്ലാതായ് തീർന്നു |
| ***പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ*** | | | |
| 6 | പരിസര മലിനീകരണം | | പദ്ധതിനിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടാകാനിടയുള്ള മാലിന്യങ്ങൾ യഥാസമയം, ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യാതിരുന്നാൽ പരിസര മലിനീകരണത്തിന് കാരണമാകും. |

## 1.6. ലഘൂകരണ നടപടികൾ

കോന്നി മെഡിക്കൽ കോളേജ് റോഡ് വികസന പദ്ധതിക്ക് വേണ്ടി പത്തനംതിട്ട ജില്ലയിലെ ഐരവൺ വില്ലേജിൽനിന്ന് ഏകദേശം 46.21 ആർസ് ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD, 29/12/2017 തീയതിയിലെ G.O(MS) No.448/2017/RD) പ്രകാരവും ഭൂവുടമകൾക്ക് നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും നൽകുക.
- ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന ഭൂമിയിൽ തൻെറ കുടുംബത്തിന് സുരക്ഷിതമായി താമസിക്കുവാനോ പദ്ധതിബാധിതമാകുന്ന അവശ്യ സൗകര്യങ്ങളായ സെപ്റ്റിക് ടാങ്ക്, കിണർ മുതലായവ പുനസ്ഥാപിക്കുന്നതിനോ കഴിയില്ല എന്ന വീട് പദ്ധതിബാധിതമാകുന്ന കുടുംബത്തിൻെറ ആശങ്കകളുടെ നിജസ്ഥിതി പരിശോധിക്കേണ്ടതും ടി കുടുംബത്തിൻെറ സുരക്ഷിതവും സുഗമവുമായ താമസം സാധ്യമാകുന്ന വിധത്തിൽ പുനരധിവാസ-പുനസ്ഥാപന നടപടികൾ നടപ്പിലാക്കേണ്ടതുമാണ്.
- എസ്.ഐ.എ. പഠനത്തിനുവേണ്ടിയുള്ള ഫോറം നമ്പർ (4) വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള സർവ്വെനമ്പറുകളുടെ ഏതാനും ഉടമകൾ തങ്ങളുടെ ഭൂമി വിട്ടുനൽകുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നെഗോഷ്യബിൾ പർച്ചേസ് പ്രകാരം സമ്മതപത്രം നൽകിയിട്ടുള്ളതായി എസ്.ഐ.എ.യൂണിറ്റിനോട് വെളിപ്പെടുത്തിയിട്ടുണ്ട്. ടി ഉടമകൾക്ക് സമ്മതപത്രം പ്രകാരമുള്ള നഷ്ടപരിഹാര നടപടികളിൽ

പരാതിയുണ്ടെങ്കിൽ, 2013 ലെ നിയമം അനുശാസിക്കുന്ന നഷ്ടപരിഹാര നടപടികളിലൂടെ പരിഹരിക്കേണ്ടതാണ്.

- പദ്ധതി നിർമ്മാണ പ്രവർത്തികൾക്കായി പദ്ധതിബാധിത ഭൂമിയിൽ ഉണ്ടായിരുന്ന ചമയങ്ങൾ (നിർമ്മിതികൾ, വൃക്ഷങ്ങൾ മുതലായവ) ഉടമകൾക്ക് നഷ്ടപരിഹാരം നൽകാതെ പൊതുമരാമത്ത് വകുപ്പ് നീക്കം ചെയ്തിട്ടുണ്ടെങ്കിൽ, ആയതിൻെറ നിജസ്ഥിതി പരിശോധിച്ച് നിലവിലെ നഷ്ടപരിഹാര നടപടികളിൽ പരിഗണിക്കുന്നത് ഉചിതമായിരിക്കും.
- പദ്ധതി നിർമ്മാണ മാലിന്യങ്ങൾ പദ്ധതി പ്രദേശത്ത് ഉപേക്ഷിക്കാതിരിക്കുന്നതിനും, യഥാസമയം ശാസ്ത്രീയമായ് നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം

# അദ്ധ്യായം 2
# പദ്ധതിയുടെ വിശദ വിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

കോന്നി മെഡിക്കൽ കോളേജ് റോഡ് വികസനത്തിനായി കേരള സർക്കാർ 23/02/2013 തീയതിയിലെ GO(Rt)No.278/2013/PWD ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ ഉൾപ്പടെ 36 കോടി രൂപയുടെ ഭരണാനുമതിയും പ്രത്യേക അനുമതിയും നൽകിയിരുന്നു. പിന്നീട് പി.ഡബ്ല്യു.ഡി (നിരത്ത് വിഭാഗം) ചീഫ് എഞ്ചിനീയറുടെ 21/12/2020 തീയതിയിലെ കത്ത് മുഖേനയുള്ള അഭ്യർത്ഥന പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ ഉൾപ്പടെ കോന്നി മെഡിക്കൽ കോളേജ് റോഡ് വികസനത്തിനായി 25.02.2021 തീയതിയിലെ GO(Rt)No.320/2021/PWD ഉത്തരവ് പ്രകാരം 42.41 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി. ഇതിൽ 18 കോടി രൂപ ചെലവഴിച്ച് പദ്ധതിയുടെ ആദ്യ റീച്ച് പൂർത്തീകരിച്ചു. പൈപ്പ് കൾവേർട്ടുകൾ (10 എണ്ണം), ഡ്രെയിനേജ്, പാർശ്വ സംരക്ഷണം, ട്രാഫിക് സുരക്ഷ സംവിധാനങ്ങൾ എന്നിവ ഉൾപ്പടെ രണ്ടാമത്തെ റീച്ച് റോഡ് നിർമ്മാണത്തിനായി 14 കോടി രൂപയാണ് പ്രതീക്ഷിത ചെലവ് കണക്കാക്കിയിരിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 10.41 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്.

പദ്ധതി നിർവ്വാഹകരായ കേരള സർക്കാർ പൊതുമരാമത്ത് വകുപ്പ് പദ്ധതി പ്രദേശത്ത് 2015ൽ അതിരടയാളങ്ങൾ സ്ഥാപിക്കുകയും 2024 ൽ നിർമ്മാണ പ്രവർത്തി ആരംഭിക്കുക യും ചെയ്തിട്ടുണ്ട് എന്ന് മനസിലാക്കുന്നു. പദ്ധതിക്ക് ആവശ്യമായ് വരുന്ന ഭൂമിയുടെ ഭൂരിഭാഗവും നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുത്തുകൊണ്ടാണ് പദ്ധതി നിർമ്മാണം പ്രദേശത്ത് ആരംഭിച്ചിരിക്കുന്നത്.

കേരള സർക്കാർ 09.12.2015 തീയതിയിലെ 2753–ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പരസ്യപ്പെടുത്തിയ 04.12.2015 ലെ സ.ഉ.(സാധാരണ) നമ്പർ 649/2015 റ.വ. വിജ്ഞാപന പ്രകാരം RFCTLARR Act 2013 പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവഹിക്കുന്നതിന് പത്തനംതിട്ട പൊന്നുംവില സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നു

കേരള സർക്കാർ 03.06.2025 തീയതിയിലെ 2086–ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പരസ്യപ്പെടുത്തിയ പത്തനംതിട്ട ജില്ലാ കളക്ടറുടെ 31.05.2025 തീയതിയിലെ സി2–9640/2013 ഫോറം നമ്പർ 4 വിജ്ഞാപനം പ്രകാരം ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ സെക്ഷൻ 4 അനുശാസിക്കുന്ന വിധത്തിൽ കോന്നി മെഡിക്കൽ കോളേജ് റോഡ് നിർമ്മാണത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 സെക്ഷൻ 2 ൽ ടി നിയമം ബാധകമായിട്ടുള്ള പൊതു ആവശ്യങ്ങൾ ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നു. സെക്ഷൻ 2ൽ ഉപവകുപ്പ് 1(ബി) പ്രകാരം രാജ്യത്തിൻെറ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് ടി നിയമം ബാധകമാണ്. ആയതിനാൽ കോന്നി മെഡിക്കൽ കോളേജ് റോഡ് വികസനത്തിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 2(1)ബി(i) പ്രകാരം ഒരു പൊതു ആവശ്യമാണ്

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

കോന്നി മെഡിക്കൽ കോളേജ് റോഡ് 4.6 കിലോമീറ്റർ നീളത്തിലാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട റോഡിൻെറ ശരാശരി വീതി 9.5 മീറ്ററായിരിക്കും.

കോന്നി മെഡിക്കൽ കോളേജ് റോഡ് വികസിപ്പിക്കുന്നതിനുവേണ്ടി 225 സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട ഭൂമിയാണ് ആകെ ആവശ്യമായ് വരുന്നത്. 165 സർവെനമ്പറുകളിലെ ഭൂമി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുത്തിട്ടുണ്ട് അവശേഷിക്കുന്ന 60 സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട 46.21 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനായാണ് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടക്കുന്നത്. പദ്ധതിക്ക് ആവശ്യമായ ഏറ്റവും കുറവ് സ്ഥലം മാത്രമാണ് എറ്റെടുക്കുവാൻ

ഉദ്ദേശിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിൻെറ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു.

ഭൂമി ഏറ്റെടുക്കൽ നടപടികൾ ഉൾപ്പടെ കോന്നി മെഡിക്കൽ കോളേജ് റോഡ് വികസനത്തിനായി കേരള സർക്കാർ 25.02.2021 തീയതിയിലെ GO(Rt)No.320/2021/PWD ഉത്തരവ് പ്രകാരം 42.41 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 18 കോടി രൂപ ചെലവഴിച്ച് പദ്ധതിയുടെ ആദ്യ റീച്ച് പൂർത്തീകരിച്ചു. പൈപ്പ് കൾവേർട്ടുകൾ (10 എണ്ണം), ഡ്രെയിനേജ്, പാർശ്വ സംരക്ഷണം, ട്രാഫിക് സുരക്ഷ സംവിധാനങ്ങൾ എന്നിവ ഉൾപ്പടെ രണ്ടാമത്തെ റീച്ച് റോഡ് നിർമ്മാണത്തിനായി 14 കോടി രൂപയാണ് പ്രതീക്ഷിത ചെലവ് കണക്കാക്കിയിരിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 10.41 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്.

## 2.4. ഇതരമാർഗങ്ങൾ പരിശോധിക്കൽ

പദ്ധതി പ്രദേശത്ത് നിലവിലുള്ള റോഡിൻെറ വികസനമാണ് വിഭാവന ചെയ്തിരിക്കുന്നത് എന്നതിനാൽ ഇതരമാർഗങ്ങളുടെ പരിശോധന അപ്രസക്തമാണ്

## 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതിയുടെ ആദ്യ റീച്ച് പൂർത്തീകരിച്ചു. രണ്ടാമത്തെ റീച്ചിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ പ്രദേശത്ത് ആരംഭിച്ചു.

## 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

| | |
|---|---|
| റോഡിൻെറ നീളം | : 4.6 കിലോമീറ്റർ |
| ക്യാരേജ് വേയുടെ ശരാശരി വീതി | : മുരിങ്ങമംഗലം ജംഗ്ഷൻ മുതൽ വട്ടമൺ വരെ (ചെയിനേജ് 0/000 മുതൽ 2/800) 9.5 മീറ്റർ, വട്ടമൺ മുതൽ പയ്യനമൺ വരെ (ചെയിനേജ് 2/800 മുതൽ 4/600) 5.50 മീറ്റർ |
| മറ്റ് സൗകര്യങ്ങൾ | : പൈപ്പ് കൾവേർട്ടുകൾ, ഡ്രെയിനേജ്, പാർശ്വ സംരക്ഷണ ഭിത്തികൾ, റോഡ് സുരക്ഷാ സംവിധാനങ്ങൾ |

## 2.7. അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

നിർദ്ദിഷ്ട റോഡിലെ ഇലക്ട്രിസിറ്റി പോസ്റ്റ്, ജലവിതരണ പൈപ്പുകൾ, തുടങ്ങിയ അനുബന്ധ സൗകര്യങ്ങളുടെ പുന:സ്ഥാപനവും പദ്ധതി നിർവ്വഹണത്തോടൊപ്പം നടപ്പിലാക്കേണ്ടതുണ്ട്.

## 2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് ലഭിച്ച മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കരാറുകാരനാണ് നിർമ്മാണ കരാർ നൽകിയിരിക്കുന്നത് കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. പദ്ധതിയുടെ സമയക്രമീകരണം, കരാറുകാരൻ തയ്യാറാക്കുന്ന വർക്ക്ഷെഡ്യൂൾ എന്നിവ പൊതുമരാമത്ത് വകുപ്പ് വിലയിരുത്തുകയും പദ്ധതിയുടെ സമയാധിഷ്ഠിത പൂർത്തീകരണം സ്ഥിരമായ വിലയിരുത്തലിലൂടെ ഉറപ്പുവരുത്തുകയും ചെയ്യും. ആധുനിക യന്ത്രസാമ ഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

## 2.9. മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി സാങ്കേതിക സാധ്യതാ പഠനം നടത്തിയിട്ടുള്ളതായി പൊതുമരാമത്ത് വകുപ്പ് അറിയിച്ചു.

## 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

കോന്നി മെഡിക്കൽ കോളേജ് നിർമ്മാണത്തിനുവേണ്ടി പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ നിന്ന് ഏകദേശം 46.21 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ സംബന്ധിച്ച് ബാധകമായ നിയമങ്ങളും നയങ്ങളും ഇനി പറയുന്നവയാണ്.

- ഭൂമിഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം2013.
- കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതി യിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിൻെറ നയം
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 29/12/2017 തീയതി യിലെ ഉത്തരവ് നമ്പർ G.O(MS)No.448/2017/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിൻെറ നയം
- വിവരവകാശ നിയമം

# അദ്ധ്യായം 3
# പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

പത്തനംതിട്ട ജില്ലയിൽ കോന്നി മെഡിക്കൽ കോളേജ് റോഡ് വികസനത്തിനായി കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ ഉൾപ്പെട്ട ഏകദേശം 46.21 ആർസ് ഭൂമി, 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുസരിച്ച് ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തികൊണ്ട് പത്തനംതിട്ട ജില്ലാകളക്ടർ 31/05/2025 തീയതിയിൽ പുറപ്പെടുവിച്ച ഫോറം നമ്പർ 4 വിജ്ഞാപനം നമ്പർ: സി2–9640/2013 പകാരം ചുമതലപ്പെടുത്തി. ടി വിജ്ഞാപനം 03/06/2025 തീയതിയിലെ 2086 നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന് അനുസൃതമായി സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി. പ്രസ്തുത പഠനത്തിന് അവലംബിച്ച മാർഗങ്ങൾ, വിവിധ ഘട്ടങ്ങൾ, പഠന സംഘാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു

## 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

### പട്ടിക 3.1.1. പഠനസംഘം

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത/പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ.ഫാ.സാജു എം.ഡി | എം.ഫിൽ, പി.എച്ച്.ഡി പ്രിൻസിപ്പാൾ & ചെയർമാൻ (SIA unit) | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ. ബിനോയ് ജോസഫ് | എം.എ. (എച്ച്.ആർ.എം), പി.എച്ച്.ഡി.,എൽ.എൽ.ബി. കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലക |

| | | | |
|---|---|---|---|
| | | | ളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ.ഫാ.ഷിൻേറാ ജോസഫ് | എ.എസ്.ഡബ്ല്യു., പി.എച്ച്.ഡി, കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലക ളിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീനകുരുവിള | എം.എസ്.ഡബ്ല്യു. കൺസൾട്ടൻറ് | വികസനമേഖലയിൽ 35 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ. ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 6 | മരിയ ടെൻസി വി.എസ്. | എം.എ., ഡി.എസ്.എസ്., റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 33 വർഷത്തെ പ്രവർത്തന പരിചയം |
| 7 | വർഗീസ് കെ.ഒ. | ഐ.ടി.ഐ ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 34 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ബിൽബിൻ കെ.വിത്സൺ | ബി.എസ്.സി. ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 4 വർഷത്തെ പ്രവർത്തന പരിചയം |

## 3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

പദ്ധതിബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണം തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്. പദ്ധതി മൂലം ഭൂവുടമകൾക്കും, പ്രസ്തുത ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന വ്യക്തികൾക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. ഏറ്റെടുക്കുന്ന

ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെ ക്കുറിച്ചുമുള്ള വിവരങ്ങൾ പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങളാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 10/06/2025 തീയതിയിൽ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരോടൊപ്പം പദ്ധതിപ്രദേശം പൂർണ്ണമായും സന്ദർശിക്കുകയും ഏതാനും ഭൂവുടമകളിൽ നിന്ന് സാമൂഹ്യ സാമ്പത്തിക സർവെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. ഏറ്റെടുക്കുന്ന ഭൂമിയുടെ നിലവിലെ ഉപയോഗം, പദ്ധതിപ്രദേശത്തെ ചമയങ്ങൾ, ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, നിർദ്ദിഷ്ട പ്രദേശത്ത് പദ്ധതി നടപ്പാക്കുന്നതിനെകുറിച്ചുള്ള അഭിപ്രായങ്ങൾ, പദ്ധതിബാധിത കുടുംബത്തിന്റെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം തുടങ്ങിയ വിവരങ്ങളാണ് ശേഖരിച്ചത്. തുടർന്ന് പദ്ധതിപ്രദേശം സന്ദർശിച്ചപ്പോൾ നേരിൽ കാണുവാൻ കഴിയാതിരുന്ന ഭൂവുടമകളെ ടെലഫോണിൽ ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിച്ചു. ഫോറം നമ്പർ 4 വിജ്ഞാപനത്തിൽ ഉൾപ്പെട്ട 86% സർവ്വെനമ്പറുകളുടെ ഉടമക ളെ ബന്ധപ്പെട്ട് വിവരശേഖരണം നടത്തുവാൻ എസ്.ഐ.എ.യൂണിറ്റിന് കഴിഞ്ഞു.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാ ക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവര ങ്ങൾ പൊതുമരാമത്ത് വകുപ്പ്, കോന്നി കാര്യാലയത്തിൽ നിന്നും കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ഡെപ്യൂട്ടി കളക്ടർ (എൽ.എ) പത്തനംതിട്ട കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

പദ്ധതിപ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചും, അഭിമുഖങ്ങളിലൂടെയും ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പഠനത്തിന്റെ കരട് രേഖ തയ്യാറാക്കി പഠനയൂണിറ്റിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ജില്ലാഭരണ കാര്യാലയത്തിനും പ്രാദേശിക ഭരണ കാര്യാലയത്തിനും ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് പദ്ധതിബാധിതർക്ക് നേരിട്ടും ടെലഫോണിലൂടെയും അറിയിപ്പ് നൽകി കൊണ്ട് 07/08/2025 തീയതി മുരിങ്ങമംഗലത്തുള്ള ശബരി ഓഡിറ്റോറിയത്തിൽ ഒരു പബ്ലിക് ഹിയറിങ്ങ് നടത്തി. പ്രസ്തുത ഹിയറിങ്ങിൽ പഠനത്തിന്റെ കരട് രേഖ അവതരിപ്പിക്കുകയും പദ്ധതിബാധിതർക്ക് അഭിപ്രായങ്ങളും ആശങ്കകളും പങ്ക്വെയ്ക്കുവാൻ അവസരം നൽ കുകയും ചെയ്തു. പബ്ലിക് ഹിയറിങ്ങിൽ പങ്കുവെച്ച അഭിപ്രായങ്ങളും ആശങ്കകളും കൂടി പരിഗണിച്ചുകൊണ്ടാണ് പഠനത്തിന്റെ അന്തിമ രേഖ തയ്യാറാക്കിയിരിക്കുന്നത്.

## 3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

പദ്ധതി മൂലം ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതിബാധിതരാകുന്ന എല്ലാ വ്യക്തികളിൽ നിന്നും വിവരശേഖരണം നടത്തുന്ന രീതിയാണ് ഇവിടെ അവലംബിക്കുന്നത്. ഫോറം നമ്പർ 4 വിജ്ഞാപനത്തിൽ ഉൾപ്പെട്ട 86% സർവ്വെനമ്പറുകളുടെ ഉടമകളെ ബന്ധപ്പെട്ട് വിവര ശേഖരണം നടത്തുവാൻ എസ്.ഐ.എ.യൂണിറ്റിന് കഴിഞ്ഞു.

## 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും, പദ്ധതിബാധിത ഭൂമിയുടെ ഉടമകളുമായി നേരിട്ടും ടെലഫോണിലൂടെയും നടത്തിയ അഭിമുഖത്തിലൂടെയുമാണ് പഠനത്തിന് ആവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. ഏറ്റെടുക്കുന്ന ഭൂമിയുടെ നിലവിലെ ഉപയോഗം, പദ്ധതിപ്രദേശത്തെ ചമയങ്ങൾ, ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, നിർദ്ദിഷ്ട പ്രദേശത്ത് പദ്ധതി നടപ്പാക്കുന്നതിനെകുറിച്ചുള്ള അഭിപ്രായങ്ങൾ, പദ്ധതിബാധിത കുടുംബത്തിൻെറ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം തുടങ്ങിയ വിവരങ്ങളാണ് ഇപ്രകാരം ശേഖരിച്ചത്. കൂടാതെ 07/08/2025ൽ പദ്ധതിപ്രദേശത്ത് നടത്തിയ പബ്ലിക് ഹിയറിങ്ങിൽ പദ്ധതിബാധിതർ പങ്കുവെച്ച അഭിപ്രായങ്ങളും പ്രാഥമിക വിവരങ്ങളായി പരിഗണിച്ചിട്ടുണ്ട്.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) കോന്നി കാര്യാലയത്തിൽ നിന്നും കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ഡെപ്യൂട്ടി കളക്ടർ (എൽ.എ) പത്തനംതിട്ട കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

## 3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഭാഗമായി പഠനസംഘം 10/06/2025 തീയതി പദ്ധതി പ്രദേശം സന്ദർശിക്കുകയും ഏതാനും ഭൂവുടമകളെ നേരിൽ കാണുകയും

ചെയ്തു. അന്നേദിവസം നേരിൽ കാണുവാൻ കഴിയാതിരുന്ന ഭൂവുടമകളെ ടെലഫോണിൽ ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിച്ചു. തുടർന്ന് പദ്ധതിപ്രദേശത്ത് പബ്ലിക് ഹിയറിങ്ങ് നടത്തുന്നതിൻെറ ഭാഗമായി പദ്ധതിപ്രദേശത്ത് താമസിക്കുന്ന ഭൂവുടമകളെ നേരിൽ കണ്ടും മറ്റ് ഉടമകളെ ടെലഫോണിൽ ബന്ധപ്പെട്ടും നോട്ടീസ് നൽകി.

### 3.5a. *പബ്ലിക് ഹിയറിങ്ങ്*

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഭാഗമായി പദ്ധതിബാധിതർക്കും, കോന്നി പഞ്ചായത്തിലും അറിയിപ്പ് നൽകികൊണ്ട് 07/08/2025 തീയതിയിൽ മുരിങ്ങ മംഗലത്തുള്ള ശബരി ഓഡിറ്റോറിയത്തിൽ ഒരു പബ്ലിക് ഹിയറിങ്ങ് നടത്തി. എസ്.ഐ.എ. യൂണിറ്റ് ഡെവലപ്പ്മെൻറ് ഓഫീസർ ശ്രീ.ബിജു സി.പി. ഹിയറിങ്ങിൽ എത്തിയ ഉദ്യോഗ സ്ഥരെയും പദ്ധതിബാധിതരെയും സ്വാഗതം ചെയ്തു. എസ്.ഐ.എ.യൂണിറ്റ് കൺസൾട്ടൻറ് ശ്രീമതി മീന കുരുവിള പബ്ലിക് ഹിയറിങ്ങ് നടത്തുന്നതിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് വിശദീ കരിച്ചുകൊണ്ട് ഒരു ആമുഖ പ്രസംഗം നടത്തി. എസ്.ഐ.എ.യൂണിറ്റ് റിസേർച്ച് അസോ സിയേറ്റ് ശ്രീ.വിനയൻ വി.എസ്. പഠന റിപ്പോർട്ടിൻെറ കരട് അവതരിപ്പിച്ചതിനെ തുടർന്ന് പദ്ധതിബാധിതർക്ക് പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചുമുള്ള ആശങ്കകളും സംശയങ്ങളും പങ്കുവെച്ചു. ശ്രീ.എം.എസ്.വിജുകുമാർ, സ്പെഷ്യൽ തഹസിൽ ദാർ–എൽ.എ.ജനറൽ, പത്തനംതിട്ട ഭുമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ച് വിശദീ കരിക്കുകയും ടി വിഷയവുമായി ബന്ധപ്പെട്ട ഭൂവുടമകളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ശ്രീ.രൂപക് ജോൺ, അസിസ്റ്റൻറ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി നിരത്ത് വിഭാഗം, കോന്നി പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും അതുമായി ബന്ധപ്പെട്ട് ഭൂവുടമകൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. എസ്.ഐ.എ.യൂണിറ്റ് പഠന സംഘാംഗമായ ശ്രീ.വർഗീസ് കെ.ഒ. യോഗത്തിൽ പങ്കെടുത്തവർക്ക് നന്ദി പറഞ്ഞു. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിൽ നിന്നുള്ള ശ്രീമതി. സീന.എ, വാല്യുവേഷൻ അസിസ്റ്റൻറ്, ശ്രീ.റോയ് പി.ഒ., സ്പെഷ്യൽ റവന്യു ഇൻസ്പെക്ടർ, ശ്രീ.ബേബി ജെയിംസ്, സ്പെഷ്യൽ റവന്യു ഇൻസ്പെക്ടർ, ശ്രീമതി.ജലജ പി.എസ്., ചെയിൻമാൻ എന്നീ ഉദ്യോഗസ്ഥരും ശ്രീ. അനിൽകുമാർ, ഡെപ്പ്യൂട്ടി തഹസിൽദാർ, കോന്നി, ശ്രീമതി അർച്ചന.എസ്., ഓവർസിയർ, പി.ഡബ്ല്യു.ഡി നിരത്ത് വിഭാഗം, കോന്നി എന്നിവരും പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതരായിരുന്നു.

പബ്ലിക് ഹിയറിങ്ങിൽ ഉന്നയിച്ചതും എഴുതി നൽകിയതുമായ ആശങ്കകൾ എസ്.ഐ.എ.യൂണിറ്റ് സ്പെഷ്യൽ തഹസിൽദാറുടെ കാര്യാലയത്തിലേക്കും പൊതുമ

രാമത്ത് വകുപ്പ് (പാലം വിഭാഗം), കോന്നി കാര്യാലയത്തിലേക്കും നൽകുകയും പ്രസ്തുത കാര്യാലയങ്ങളിൽ നിന്ന് മറുപടി ലഭിക്കുകയും ചെയ്തു. പ്രസ്തുത ചോദ്യങ്ങളും ഉത്തരങ്ങളും പട്ടിക 3.5.1.ൽ നൽകിയിരിക്കുന്നു.

***പട്ടിക 3.5.1. പബ്ലിക് ഹിയറിങ്ങിൽ പങ്കുവെച്ച ആശങ്കകളും ബന്ധപ്പെട്ട അധികാരികൾ നൽകിയ മറുപടികളും***

| *ക്രമ നമ്പർ* | *അഭിപ്രായം പറഞ്ഞ വ്യക്തി* | *സർവെ നമ്പർ* | *അഭിപ്രായം/ആശങ്ക* | *ബന്ധപ്പെട്ട അധികാരിയുടെ മറുപടി* |
|---|---|---|---|---|
| 1 | വി.ജോർജ് രാജു | 41/16, 47/7 201/2 | 3 സർവ്വെ നമ്പരുകളിൽ നിന്ന് ഭൂമി പോകുന്നു. സർവ്വെനമ്പർ 41/16 ൽ 3/4 സെൻറ് സ്ഥലവും വളരെ സ്ട്രോങ്ങ് ആയി കെട്ടിയ മതിലും നഷ്ടമായി. നഷ്ട പരിഹാരമായി ലഭിച്ചത് തുച്ച മായ തുകയാണ്. സർവ്വെന മ്പർ 47/7 ൽ ഉണ്ടായിരുന്ന സ്ട്രോങ്ങ് മതിൽ, ഗേറ്റ്, സ്ഥലം എന്നിവയ്ക്ക് പി.ഡബ്ല്യു.ഡി. കണക്കാക്കി യിരിക്കുന്ന 20,000/- രൂപ വളരെ കുറവാണ്. സർവ്വെന മ്പർ 201/2 ആനകുത്തിയിലെ സ്ഥലം ഏകദേശം ഒന്നര സെൻറ് സ്ഥലവും സ്ട്രോങ്ങ് മതിലും ഉണ്ടായിരുന്നു. 35,000 രൂപ മാത്രമാണ് അനു വദിച്ചിരുന്നത്. ഭൂമി സൗജന്യ മായി വിട്ടുനൽകിയാൽ മ തിൽ കെട്ടി നൽകാമെന്ന വ്യ്വസ്ഥയായിരുന്നു. എ ന്നാൽ മതിലിൻെറ കുറച്ച് ഭാഗം സ്ട്രോങ്ങ് ആയി ഞാൻ തന്നെ പുനർനിർമ്മി ച്ചു. പ്രസ്തുത നിർമ്മാണ ത്തിന് ചെലവായ തുകയെ ങ്കിലും എനിക്ക് നൽകണം | ശ്രീ.ജോർജ് രാജുവിൻെറ ഉടമസ്ഥതയിലുള്ള 201/2 വസ്തു ഫ്രീ സറണ്ടർ ആയി പൊതുമരാമത്ത് റോഡ് പ്രവർത്തിക്കായി നൽകിയിരുന്നു. ടി.വസ്തു വിൽ PWD ടിയാന് DR സംരക്ഷണ ഭിത്തി നിർമ്മി ച്ചു നൽകുകയും ചെയ്തിട്ടു ണ്ട്. 41/16 ൽ ഉൾപ്പടെ വസ്തു നെഗോഷ്യേറ്റഡ് പർച്ചേസ് മുഖാന്തിരമാണ് ഏറ്റെടുത്തത്. ആയതിനു ൾപ്പടെ എല്ലാ സ്ഥാപന ങ്ങൾക്കും ഭൂമി വിലയും ചേർത്താണ് GO(Rt)No. 5690/15/RD dated 16/10/2025 പ്രകാരം റവന്യു വിഭാഗം വില നിശ്ചയിച്ച് നൽകിയിരു ന്നത്. നഷ്ടപ്പെടുന്ന ഭൂമിക്ക് തത്തുല്ല്യമായ തുക ടിയാന് കൈമാറി യിട്ടുണ്ട്. 47/7 സർവ്വെ നമ്പറിലുൾപ്പടെ വസ്തു LARR പ്രകാരമാണ് ഏറ്റെ ടുക്കുന്നത്. ആയതിനുൾ പ്പടെ സ്ഥാപനങ്ങളുടെ മൂല്യമായി 64,755 രൂപ പൊതുമരാമത്ത് കെട്ടിട വിഭാഗം നിശ്ചയിച്ചു നൽകിയിട്ടു ണ്ട്. ടി |

| | | | | |
|---|---|---|---|---|
| | | | | നിർമ്മിതികൾ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന പക്ഷം ആക്ട് പ്രകാരം നിശ്ചയിക്കുന്ന തുകയോടൊപ്പം ടി തുകയും കൈമാറുന്നതാണ്. (എ.ഇ.-പിഡബ്ല്യൂ.ഡി) |
| | | | | LARR ആക്ട് പ്രകാരം ഏറ്റെടുക്കുന്ന സ്ഥലത്തിനും സ്ഥലത്തുള്ള ചമയങ്ങൾക്കും നിയമാനുസൃതമായി നൽകാൻ കഴിയുന്ന പരമാവധി നഷ്ടപരിഹാരം നൽകുന്നതാണ് (സ്പെഷ്യൽ തഹസിൽദാർ) |
| 2 | കെ.ആർ.കെ.പ്രദീപ് | 84/3 | 2017 ൽ സമ്മതപത്രം നൽകിയെങ്കിലും ഇതുവരെയും നഷ്ടപരിഹാരം നൽകിയിട്ടില്ല. ഇപ്പോൾ 9 വർഷങ്ങൾ കഴിഞ്ഞുപോയതിനാൽ അന്ന് പറഞ്ഞ വിലയേക്കാൾ കൂടുതലായി വില നൽകണം. | നെഗോഷിയേറ്റഡ് പർച്ചേസിനായി സമർപ്പിച്ച രേഖകളുടെ അപര്യാപ്തത മൂലമോ രേഖകളുടെ കാലാവധി കഴിഞ്ഞതോ മൂലമാകാം. ഗവൺമെൻറ് പ്ലീഡറുടെ കാര്യാലയത്തിൽ നിന്നും ടൈറ്റിൽ സർട്ടിഫിക്കറ്റ് ലഭിക്കാതിരുന്നത്. ആയത് ക്ലിയർ ചെയ്ത് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ആധാരം രജിസ്ട്രേഷനുള്ള നടപടികൾ പുരോഗമിക്കുന്നു (എ.ഇ.-പിഡബ്ല്യൂ.ഡി) |
| | | | | നെഗോഷ്യബിൾ പർച്ചേസ് പ്രകാരം സ്ഥലം വിട്ടുനൽകാൻ തയ്യാറല്ലെങ്കിൽ LARR ആക്ട് പ്രകാരം ഏറ്റെടുക്കുന്ന സ്ഥല ത്തിനും സ്ഥലത്തുള്ള ചമയങ്ങൾക്കും നിയമാനുസൃതമായി നൽകാൻ കഴിയുന്ന പരമാവധി നഷ്ടപരിഹാരം നൽകുന്നതാണ് |

| | | | | |
|---|---|---|---|---|
| | | | | (സ്പെഷ്യൽ തഹസിൽ ദാർ) |
| 3 | എൻ.വി.ഹരിദാസ് | 199/4 | പൊളിച്ചുകളഞ്ഞ മതിൽ പുനർനിർമ്മിച്ചു നൽകുക യോ നഷ്ടപരിഹാരം നൽകുകയോ വേണം | പൊതുമരാമത്ത് കെട്ടിട വിഭാഗം വില നിശ്ചയിച്ച് നൽകിയതിൻ പ്രകാരമുള്ള തുക LARR Act പ്രകാരം നിശ്ചയിക്കുന്ന തുകയോ ടൊപ്പം കൈമാറുന്നതാണ് (എ.ഇ.-പിഡബ്ല്യു.ഡി) |
| 4 | മോഹനകുമാർ. ആർ | 46/2 | വസ്തു 3 മക്കളുടെ പേരിലാ യി നൽകി.(ഉണ്ണികൃഷ്ണൻ നായർ, ഹരികൃഷ്ണൻ, ഗംഗ) മക്കൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകണം | ഭൂമിയുടെ രേഖകൾ പ്രകാരമുള്ള ഉടമകൾക്ക് RFCTLARR Act 2013 പ്രകാരം നഷ്ടപരിഹാരം നിശ്ചയിച്ച് നൽകും (സ്പെഷ്യൽ തഹസിൽദാർ) |
| 5 | ജെയിംസ് വർഗീസ് | 182/15 | റോഡ് നിർമ്മാണത്തിന് മുൻ പ് എന്റെ ഭൂമി നിരപ്പായ സ്ഥലമായിരുന്നു. റോഡ് നിർമ്മിച്ചപ്പോൾ ഭൂമി താഴ്ച്ച യിലായി. ഭാവിയിൽ ഇവിടെ നിർമ്മാണം നടത്തുന്നതിന് ചെലവേറും, എന്റെ ഭൂമി ക്ക് ഇതുവരെയും നഷ്ടപരി ഹാരം ലഭിച്ചിട്ടില്ല. ആയതി നാൽ പ്രസ്തുത കാലയളവും ബുദ്ധിമുട്ടുകളും പരിഗണി ച്ചുകൊണ്ട് ന്യായമായ നഷ്ടപരിഹാരം നൽകണം | LARR Act പ്രകാരം നിശ്ചയിക്കുന്ന തുക കൈമാറുന്നതാണ് (എ.ഇ.-പിഡബ്ല്യു.ഡി)<br><br>LARR ആക്ട് പ്രകാരം ഏറ്റെടുക്കുന്ന സ്ഥല ത്തി നും സ്ഥലത്തുള്ള ചമയ ങ്ങൾക്കും നിയമാനുസൃ തമായി നൽകാൻ കഴി യുന്ന പരമാവധി നഷ്ട പരിഹാരം നൽകുന്നതാണ് (സ്പെഷ്യൽ തഹസിൽ ദാർ) |
| 6 | ബാബു നൈനാൻ മത്തായി | 278, 127, 561/1, 287/11, 560/1-1 | 2009 ൽ വട്ടമണ്ണിലുള്ള എ ന്റെ വസ്തു 98¾ സെൻറ് വിറ്റു. ബാക്കിൽ ¾ സെൻറ് ഇപ്പോഴും എന്റെ പേരിലു ണ്ട്. അതിന് നഷ്ടപരിഹാ രം നൽകണം | ഭൂമിയുടെ രേഖകൾ പ്രകാ രമുള്ള ഉടമകൾക്ക് RFCTLARR Act 2013 പ്രകാരം നഷ്ടപരിഹാരം നിശ്ചയിച്ച് നൽകും (സ്പെഷ്യൽ തഹസിൽദാർ) |
| 7 | സ്കറിയ സാമുവൽ | 41/8 | 100 അടി നീളത്തിലും 3 അടി വീതിയിലും സ്ട്രോങ്ങ് മതിലും ഗേറ്റും ഭൂമിയും നഷ്ടമായി. ആകെ 80,000/- രൂപ നഷ്ടപരിഹാരം ലഭിച്ചു. 4 ലക്ഷം രൂപ ഇപ്പോൾ മതിൽ പുനർ നിർമ്മിച്ചപ്പോൾ | 41/8 ൽ ഉൾപ്പടെ വസ്തു നെഗോഷ്യേറ്റഡ് പർച്ചേസ് മുഖാന്തിരമാണ് ഏറ്റെടു ത്തത്. ആയതിനുൾപ്പടെ എല്ലാ സ്ഥാപനങ്ങൾ ക്കും ഭൂമി വിലയും ചേർത്താണ് GO(Rt)No. |

| | | | | |
|---|---|---|---|---|
| | | | ചെലവായി. ആയതിനാൽ ന്യായമായ നഷ്ടപരിഹാരം നൽകണം. | 5690/15/RD dated 16/10/2025 പ്രകാരം റവന്യു വിഭാഗം വില നിശ്ചയിച്ച് നൽകിയിരുന്നത്. നഷ്ടപ്പെടുന്ന ഭൂമിക്ക് തത്തുല്ല്യമായ തുക ടിയാന് കൈമാറിയിട്ടുണ്ട്. (എ.ഇ.-പിഡബ്ല്യു.ഡി) |
| 8 | പദ്മകുമാർ | 50/1-1 | പെരിങ്ങമംഗലം ജംഗ്ഷനിൽ 1 സെൻേറാളം ഭൂമി നഷ്ടമാകുന്നു. ആദ്യത്തെ സർവ്വെയിൽ വന്നിട്ടില്ല. നഷ്ട പരിഹാരം നൽകണം | മെഡിക്കൽ കോളേജ് രണ്ടാം ഘട്ട റോഡ് വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിയി;ൽ ടി വസ്തു ഉൾപ്പെടില്ല (എ.ഇ.-പിഡബ്ല്യു.ഡി) |
| | | | | സംയുക്ത പരിശോധന നടത്തി അതിൻെറ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടെങ്കിൽ പൊന്നുംവില നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് (സ്പെഷ്യൽ തഹസിൽദാർ) |
| 9 | ജോസഫ് (എം.ജെ.ചാക്കോ, ക്രിസ്റ്റീന ചാക്കോയുടെയും പ്രതിനിധി) | 203/2 | 100 അടി നീളവും 15 അടി വീതിയുമുള്ള മതിൽ ഇടിച്ചു കഴിയുമ്പോൾ കിണർ അപകടത്തിലാകും. പ്രസ്തുത വിഷയം നഷ്ടപരിഹാരത്തിൽ പരിഗണിക്കണം. കഴിയുമെങ്കിൽ ഏറ്റെടുക്കലിൽ നിന്ന് ഒഴിവാക്കണം | DR സംരക്ഷണ ഭിത്തിയും കിണറിൻെറ ഭാഗവും അലൈൻമെൻറിൽ ഉൾപ്പെട്ട് വരുന്നുണ്ട്. ആയതിനുള്ള വാല്യുവേഷൻ തുകയായി 2,19,424 രൂപ കെട്ടിട വിഭാഗം നിർണയിച്ച് നൽകിയിട്ടുണ്ട്. ആയത് ഭൂമിയുടെ വിലയോടൊപ്പം കൈമാറുന്നതാണ് (എ.ഇ.-പിഡബ്ല്യു.ഡി) |
| | | | | LARR ആക്ട് പ്രകാരം ഏറ്റെടുക്കുന്ന സ്ഥല ത്തിനും സ്ഥലത്തുള്ള ചമയങ്ങൾക്കും നിയമാനുസൃതമായി നൽകാൻ കഴിയുന്ന പരമാവധി നഷ്ടപരിഹാരം നൽകുന്നതാണ് |

| | | | | |
|---|---|---|---|---|
| | | | | (സ്പെഷ്യൽ തഹസിൽ ദാർ) |
| 10 | ശിവൻ അംബാലിക | 50/17 | കടയുടെ ചവിട്ടുപടി നഷ് ടമാകുന്നു. ന്യായമായ നഷ്ടപരിഹാരം ലഭിക്ക ണം. കട ഉയരത്തിലിരി ക്കുന്നതാണ്. ചവിട്ടുപടി നഷ്ടമായി കഴിഞ്ഞാൽ കടയിലേക്ക് പ്രവേശനം എങ്ങിനെ സാധ്യമാകും എന്ന് പരിശോധിക്കണം | കടയുടെ മുരിങ്ങമംഗലം അമ്പലത്തിലേക്ക് തിരി യുന്ന ഭാഗത്തെ ചവിട്ടു പടികൾ മാത്രമേ ഉൾപ്പെട്ട് വരുന്നുള്ളു. ബാക്കി ഭാഗം കടയിലേക്ക് പ്രവേ ശിക്കുന്നതിന് ഉപയോഗി ക്കാവുന്നതാണ് (എ.ഇ.-പിഡബ്ല്യു.ഡി) |
| | | | | LARR ആക്ട് പ്രകാരം ഏറ്റെടുക്കുന്ന സ്ഥല ത്തി നും സ്ഥലത്തുള്ള ചമയ ങ്ങൾക്കും നിയമാനുസൃ തമായി നൽകാൻ കഴി യുന്ന പരമാവധി നഷ്ട പരിഹാരം നൽകുന്നതാണ് (സ്പെഷ്യൽ തഹസിൽ ദാർ) |
| 11 | സാമുവൽ വർഗീസ് | | 3 സെൻറ് സ്ഥലം നഷ്ട മായിട്ടുണ്ട്. ന്യായമായ നഷ്ടപരിഹാരം ലഭിക്കണം.<br><br>ഡ്രെയിനേജുകൾ നിർമ്മിച്ച് പ്രദേശത്ത് വെള്ളക്കെട്ട് ഉണ്ടാകുന്നത് ഒഴിവാക്കണം | RFCTLARR Act 2013 പ്രകാരം നഷ്ടപരിഹാരം നിശ്ചയിച്ച് നൽകും (സ്പെഷ്യൽ തഹസിൽദാർ) |
| 12 | കോന്നിയൂർ ശാർങ്ഗധരൻ | 75/3, 74/2, 74/2-2, 75/3-3, 75/3-1, 74/2-1 | കോന്നി മെഡിക്കൽ കോളേ ജിൻെറ വികസനവുമായി ബന്ധപ്പെട്ടുള്ള പത്തനംതിട്ട ജില്ലാകളക്ടറുടെ സി2.9640/13 നമ്പർ ഉത്തരവു പ്രകാരം എൻെറയും 2 സ ഹോദരങ്ങളുടെയും 6.33 ആർ ഭൂമി മെഡിക്കൽ കോളേജ് റോഡിനുവേണ്ടി ഏറ്റെടുത്തി ട്ടുള്ളതാണ്. ജില്ലാകളക്ടർ അദ്ധ്യക്ഷനായി 21.11.2025ൽ നടന്ന ഭൂവുടമകളുടെ ഡി. എൽ.പി.സി.യോഗത്തിലെ തീരുമാനപ്രകാരം സെൻറിന് 1.70 ലക്ഷം രൂപയും 12% പലിശയും, വീട്, അതിരുക | *സർക്കാർ ഭൂമിയിലും 225 സ്വകാര്യ ഉടമകളുടെ ഭൂമിയിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.* 225 പേ രിൽ 177 ഓളം ഭൂവുടമ കൾ നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി വിട്ടുനൽകിയിട്ടുണ്ട്. മെഡി ക്കൽ കോളേജിൻെറ അഫീലിയേഷൻ നിലനിറു ത്തി സുസജ്ജമാക്കുന്ന തിന് ഈ റോഡ് അത്യ ന്താപേക്ഷിതമായിരുന്നു. നിയമപ്രകാരം പദ്ധതിക്ക് ആവശ്യമായ 90% വസ്തു വകകൾ ലഭ്യമാണെങ്കിൽ |

| | | | | |
|---|---|---|---|---|
| | | | യ്യാല, മതിൽ, സെപ്റ്റിക് ടാങ്ക് എന്നിവ നഷ്ടപ്പെടുന്നവർക്ക് അത് പുനർനിർമ്മിച്ചു നൽകുമെന്നും തീരുമാനമുണ്ടാകുകയും അത് മിനിറ്റ്സിൽ രേഖപ്പെത്തിയിട്ടുള്ളതുമാണ്. അതിൻപ്രകാരം ഞാൻ എന്റെ സഹോദരന്മാർക്ക് വേണ്ടി ഭൂമി വിട്ടു കൊടുത്തുകൊണ്ടുള്ള സമ്മതപത്രത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി യോഗത്തിൽ ഏറ്റെടുക്കുന്ന ഭൂമിയിലെ വൃക്ഷങ്ങളും, കയ്യാലകളും മറ്റും പൊളിച്ചുമാറ്റണമെന്നും ഒരു വർഷത്തിനുള്ളിൽ റോഡ് പണി പൂർത്തീകരിക്കുമെന്നും അതിനുള്ളിൽ എല്ലാവരുടെയും പണം നൽകുമെന്നുമാണ് കളക്ടർ ടി യോഗത്തിൽ എടുത്ത തീരുമാനം. അതിൻ പ്രകാരം ഞങ്ങളുടെ പുരയിടത്തിന്റെ ഇരുവശവുമ്മുള്ള കയ്യാലകൾ പൊളിച്ചുമാറ്റുകയും 60 ഓളം വളർച്ചയെത്തിയ റബ്ബർ മരങ്ങളും 8 വൻതേക്കുകളും 3 കായ് ഫലമുള്ള തെങ്ങും 2 വൻപ്ലാവും 50 മൂട് കവുങ്ങുംറോഡ് വികസനത്തിനു വേണ്ടി മുറിച്ചുമാറ്റിയിട്ടുള്ളതാകുന്നു. രേഖകൾ ഹാജരാക്കുന്നതിനു വേണ്ടി കോന്നി പി.ഡബ്ല്യൂ. ഡി. ഓഫീസിൽ നിന്നും കത്ത് ലഭിച്ചതിനെതുടർന്ന് എല്ലാ രേഖകളും ഞാനും സഹോദരന്മാരും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ രാഷ്ട്രീയ ഇടപെടൽ കാരണം ഏതാനും ഉടമകൾക്ക് പണം നൽകുകയും ഫണ്ടില്ല എന്ന കാരണം പറഞ്ഞ് എന്റെ ഭൂമിക്ക് പണം നൽകാതെ | നിർമ്മാണ നടപടികൾ ആരംഭിക്കാവുന്നതാണ്. (എ.ഇ.-പിഡബ്ല്യൂ.ഡി)<br><br>കോന്നി മെഡിക്കൽ കോളേജ് റോഡിനുവേണ്ടി Free surrender, Negotiable Purchase എന്നീ വിധത്തിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. Negotiable Purchase പ്രകാരം നിശ്ചയിക്കപ്പെട്ട വിലയിൽ ഭൂമി വിട്ടുനൽകാൻ വിസമ്മതിച്ചിട്ടുള്ള ഭൂവുടമകളിൽ നിന്ന് 2013 ലെ കേന്ദ്രസർക്കാരിന്റെ പൊന്നുംവില നിയമം (RFCTLARR Act 2013) അനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നു. പ്രസ്തുത നിയമം അനുശാസിക്കുന്ന പ്രകാരം ഭൂമി വില നിശ്ചയിക്കുകയും നഷ്ടപരിഹാര നടപടികൾ നടപ്പിലാക്കുകയും ചെയ്യുന്നതാണ് (സ്പെഷ്യൽ തഹസിൽദാർ) |

| | | | | |
|---|---|---|---|---|
| | | | നീട്ടികൊണ്ടുപോകുകയും ചെയ്തു. പിന്നീട് റോഡിന് ടെണ്ടർ നൽകുകയും കോൺ ട്രാക്ടറും പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരും ചേർന്ന് എൻെറ പുരയിടത്തിൽ ജെ.സി.ബി.ഉപയോഗിച്ച് റോഡ് വെട്ടാൻ ശ്രമിച്ചതിനെ തുടർന്ന് ഞങ്ങൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കുകയും സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി പണം നൽകാതെ ഭൂമിയിൽ പ്രവേശിക്കരുതെന്ന് കോടതിയിൽ നിന്ന് ഉത്തരവ് (W.P.(C)Nos.44618 &43743 of 2024 dt.7/12/2025.) ലഭിച്ചിട്ടുള്ളതുമാണ്. ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുമുമ്പ് പദ്ധതിനിർമ്മാണം തുടങ്ങിയത് നിയമവിരുദ്ധമാണ്. | |
| 13 | ജോൺസൻ. എ. | | കോന്നി താഴംമുറിയിൽ കുപ്പക്കര വട്ടമൺ റോഡിൻെറ ഓരത്ത് വീടും സ്ഥലവും ഉള്ള വ്യക്തിയാണ്. റീസർവ്വെ നമ്പർ 79/17 ൽ 2 ആർ 14 സ്ക്വയർ മീറ്ററും 80/5 ൽ 5 ആർ 75 സ്ക്വയർ മീറ്ററും സ്ഥലമാണ് എനിക്ക് ആകെയുള്ളത്. അതിൽ സർവ്വെനമ്പർ 80/5ൽ നിന്ന് | 2014 ചീഫ് എഞ്ചിനീയർ നിശ്ചയിച്ച് നൽകിയ അലൈൻമെൻറാണ്. പ്രസ്തുത ഭാഗം കൂടി എടുക്കാതെ 12 മീറ്റർ വീതിയിൽ നിർമ്മിക്കാൻ കഴിയില്ല. പ്രസ്തുത ഭാഗം ഒഴിവാക്കിയാൽ ഭാവിയിൽ അപകടങ്ങൾക്ക് സാധ്യതയുണ്ട്. അലൈ |

| | | | | |
|---|---|---|---|---|
| | | | 1.754 സെൻറും സർവ്വെ നമ്പർ 79/17 ൽ 1.630 സെൻറും മെഡിക്കൽ കോളേജ് റോഡ് വികസനത്തിന് വേണ്ടി എനിക്ക് നഷ്ടമാകുന്നുണ്ട്. 79/17 ൽ എൻെറ വീടിൻെറ ഒരു മുറി, കിണർ, സെപ്റ്റിക്ടാങ്ക്, മതിൽ എന്നിവ പൂർണ്ണമായും നഷ്ടമാകുകയാണ്. 21/11/2015 ൽ ജില്ലാ കളക്ടർ വിളിച്ചു ചേർത്ത ഡി.എൽ.പി.സി. യോഗത്തിൽ എൻെറ നഷ്ടപ്പെടുന്ന വസ്തുവിന് സെൻറിന് 1.70 ലക്ഷം രൂപ വില നിശ്ചയിച്ചിട്ടുള്ളതും ടി യോഗത്തിൽ റോഡ് വികസനത്തിന് വേണ്ടി ഭൂമി വിട്ടു നൽകികൊണ്ട് സമ്മതപത്രത്തിൽ ഒപ്പിട്ടിട്ടുള്ളതുമാണ്. ടി റോഡ് വികസനത്തിൽ വീട് നഷ്ടപ്പെടുന്ന ഏക വ്യക്തിയാണ് ഞാൻ. എന്നാൽ നാളിതുവരെ എൻെറ വീടിനോ വസ്തുവിനോ കിണറിനോ സെപ്റ്റിക് ടാങ്കിനോ മതിലിനോ നഷ്ടപരിഹാരം നൽകിയിട്ടില്ല. രാഷ്ട്രീയ സ്വാധീനം ഉള്ളവർക്ക് പണം നൽകുകയും മറ്റുള്ളവരെ അവഗണിക്കുകയുമാണ് ഉണ്ടായത്. നഷ്ടപരിഹാരം നൽകാതെ എൻെറ പുരയിടത്തിൽ അതിക്രമിച്ച് റോഡ് നിർമ്മാണം നടത്താൻ ഉദ്യോഗസ്ഥരും കോൺട്രാക്ടറും മുതിർന്നതിനെ തുടർന്ന് ഞാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കുകയും നഷ്ടപരിഹാരം നൽകാതെ പുരയിടത്തിൽ പ്രവേശിക്കരുതെന്ന് കോടതി ഉത്തരവിറക്കിയിട്ടുള്ളതുമാണ്.ഏറ്റെടുക്ക | മെൻറിൽ മാറ്റം വരുത്താൻ കഴിയില്ല. ഏറ്റെടുക്കുന്ന ഭാഗം ഷീറ്റിട്ട താൽക്കാലിക നിർമ്മിതിയാണ്. പ്രസ്തുത ഭാഗം ഏറ്റെടുത്താൽ കെട്ടിടത്തിന് കോട്ടം വരില്ല. ***(എ.ഇ.-പിഡബ്ല്യു.ഡി)***<br><br>RFCTLARR Act 2013 നിയമം അനുശാസിക്കുന്ന പ്രകാരം നഷ്ടപരിഹാരവും പുന:രധിവാസ-പുന:സ്ഥാപന പാക്കേജും നൽകുന്നതാണ്. LARR Act സെക്ഷൻ 94 പ്രകാരം അപേക്ഷ നൽകിയാൽ മൊത്തം സ്ഥലവും ഏറ്റെടുക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ് (***സ്പെഷ്യൽ തഹസിൽദാർ***) |

| | | | | |
|---|---|---|---|---|
| | | | ലിനുശേഷം അവശേഷി ക്കുന്ന ഭൂമിയിൽ എൻെറ കുടുംബത്തിന് സുരക്ഷിത മായി താമസിക്കാൻ കഴിയില്ല. സെപ്റ്റിക് ടാങ്ക്, കിണർ എന്നിവ അവിടെ പുനർനിർമ്മിക്കുന്നതിന് കഴിയില്ല.ആയതിനാൽ എനി ക്ക് റോഡിന് സമീപമുള്ള മറ്റൊരു സ്ഥലത്ത് വീട് നിർമ്മിച്ച് താമസിക്കുവാൻ ഉതകുന്ന വിധത്തിൽ നഷ്ട പരിഹാരം നൽകുകയോ പുനരധിവസിപ്പിക്കുകയോ വേണം | |
| 14 | ഷൈൻ കെ.അലക്സ് | 85/10, 95/4, 95/5 | വസ്തു ഏറ്റെടുത്തെങ്കിലും ഇതുവരെയും നഷ്ടപരിഹാരം ലഭിച്ചിട്ടില്ല.എത്രയും പെട്ടെന്ന് നഷ്ടപരിഹാരം നൽകണം | RFCTLARR Act 2013 നിയമം അനുശാസി ക്കുന്ന പ്രകാരം നഷ്ട പരിഹാരം നൽകുന്നതാണ് **(സ്പെഷ്യൽ തഹസിൽദാർ)** |
| 15 | നസറുദ്ദീൻ | 38/18 38/16 | വസ്തു ഏറ്റെടുത്തെങ്കിലും ഇതുവരെയും നഷ്ടപരിഹാരം ലഭിച്ചിട്ടില്ല.എത്രയും പെട്ടെന്ന് നഷ്ടപരിഹാരം നൽകണം. സർവ്വെനമ്പർ 38/16 ൽ വളരെയധികം പൈസ മുടക്കി കെട്ടിയ ചുറ്റുമതിൽ ഉണ്ടായിരുന്നു. അതിന് നഷ്ടപരിഹാരം നൽകണം | RFCTLARR Act 2013 നിയമം അനുശാസി ക്കുന്ന പ്രകാരം നഷ്ട പരിഹാരം നൽകുന്നതാണ് **(സ്പെഷ്യൽ തഹസിൽദാർ)** |

*ചിത്രം 3.5.1: 07/08/2025 തീയതിയിൽ മുരിങ്ങ മംഗലത്തുള്ള ശബരി ഓഡിറ്റോറിയത്തിൽ നടത്തിയ പബ്ലിക് ഹിയറിങ്ങിന്റെ ചിത്രങ്ങൾ*



# അദ്ധ്യായം 4
# സ്ഥലത്തിൻെറ മൂല്യനിർണ്ണയം

## 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നതാണ് നിർദ്ദിഷ്ട പദ്ധതിപ്രദേശം. പദ്ധതിപ്രദേശം ജനവാസസ്ഥലങ്ങളും കൃഷിയിടങ്ങളുമാണ്. മുരിങ്ങാമംഗലം ജംഗ്ഷൻ മുതൽ വട്ടമൺ വരെയുള്ള പി.ഡബ്ല്യു.ഡി റോഡും വട്ടമൺ മുതലുള്ള പഞ്ചായത്ത് റോഡുമാണ് പദ്ധതിയിൽ ഉൾപ്പെട്ട് വരുന്നത്.

***ചിത്രം 4.1.1. പദ്ധതിപ്രദേശത്തിൻെറ ലൊക്കേഷൻ മാപ്പ്***




## 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

കോന്നി മെഡിക്കൽ കോളേജിലേക്ക് വരുന്നതിന് പദ്ധതിപ്രദേശത്ത് നിലവിലുള്ള ഇടുങ്ങിയതും സുരക്ഷിതമല്ലാത്തതുമായ റോഡ് പുനർനിർമ്മിച്ച് കോന്നി പട്ടണത്തിൽ നിന്നും കോന്നി മെഡിക്കൽ കോളേജിലേക്ക് മെച്ചപ്പെട്ട റോഡ് ഗതാഗതം ഉറപ്പാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി പ്രദേശത്ത് 2015ൽ അതിരടയാളങ്ങൾ

സ്ഥാപിക്കുകയും 2024 ൽ നിർമ്മാണ പ്രവർത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട് എന്ന് മനസിലാക്കുന്നു. കോന്നി മെഡിക്കൽ കോളേജ് റോഡ് നിർമ്മാണത്തിനുവേണ്ടി പദ്ധതിപ്രദേശത്തെ 228 സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന ഭൂമിയാണ് ആവശ്യമായി വരുന്നത്. ഇതിൽ 165 സർവ്വെ നമ്പറുകളിലെ ഭൂമി ഉടമകളുമായി ധാരണാപത്രം പ്രകാര വും സൗജന്യമായും ഏറ്റെടുത്തതായി പൊതുമരാമത്ത് വകുപ്പിൽ നിന്ന് ലഭിച്ച വിവരം അനുസരിച്ച് മനസിലാക്കുന്നു. നിലവിൽ ഫോറം നമ്പർ 4 വിജ്ഞാപനത്തിൽ ഉൾപ്പെട്ട് വരുന്ന സർവ്വെ നമ്പറുകളുടെ ഉടമകളിൽ ചിലരും തങ്ങളുടെ ഭൂമി വിട്ടുനൽകുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ധാരണയിൽ എത്തിയിട്ടുണ്ട് എന്ന് ഭൂവുടമകളുമായി എസ്.ഐ.എ.യൂണിറ്റ് നടത്തിയ വിവരശേഖരണത്തിലൂടെ മനസിലാക്കുന്നു

ഫോറം നമ്പർ 4 വിജ്ഞാപനത്തിൽ ഉൾപ്പെട്ട് വരുന്ന 86% സർവ്വെനമ്പറുകളുടെ ഉടമകളിൽ നിന്നാണ് എസ്.ഐ.എ.യൂണിറ്റ് വിവരശേഖരണം നടത്തിയത്. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി ഒരുക്കി പദ്ധതി നിർമ്മാണം തുടങ്ങികഴിഞ്ഞു എന്നതിനാൽ ഏറ്റെടു ക്കപ്പെട്ട ഭൂമിയിലെ ചമയങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ എസ്.ഐ.എ.യൂണിറ്റിന് പരിമിതിയുണ്ട്. എന്നിരുന്നാലും പദ്ധതി പ്രദേശം സന്ദർശിച്ചും ഉടമകളെ ബന്ധപ്പെട്ടും നടത്തിയ വിവരശേഖരണത്തിലൂടെ പദ്ധതി പ്രദേശത്ത് നിലവിലുള്ള സ്ഥിതി അനുസരിച്ച് ഭൂമി ഏറ്റെടുക്കൽ മൂലം ഭൂവുടമകൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ അദ്ധ്യായം 1ൽ പട്ടിക 1.5.1.ൽ നൽകിയിട്ടുണ്ട്.

## 4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

കോന്നി മെഡിക്കൽ കോളേജ് റോഡ് വികസിപ്പിക്കുന്നതിനുവേണ്ടി 228 സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട ഭൂമിയാണ് ആകെ ആവശ്യമായ് വരുന്നത്. ഇതിൽ 165 സർവ്വെ നമ്പറുകളിലെ ഭൂമി ഉടമകളുമായി ധാരണാപത്രം പ്രകാരവും സൗജന്യമായും ഏറ്റെടുത്തതായി പൊതുമരാമത്ത് വകുപ്പിൽ നിന്ന് ലഭിച്ച വിവരം അനുസരിച്ച് മനസിലാക്കുന്നു. അവശേഷിക്കുന്ന 63 സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന ഏകദേശം 46.21ആർസ് ഭൂമി ഏറ്റെടുക്കുന്നതിനായാണ് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടക്കുന്നത്.

## 4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പദ്ധതി പ്രദേശത്തിന് സമീപം പൊതു വിനിയോഗത്തിലുള്ള ഭൂമി ഉള്ളതായി ശ്രദ്ധയിൽ പെട്ടില്ല

## 4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതി പ്രകാരമുള്ള ഉപയോഗം


കോന്നി മെഡിക്കൽ കോളേജ് റോഡ് വികസിപ്പിക്കുന്നതിനുവേണ്ടി 228 സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട ഭൂമിയാണ് ആകെ ആവശ്യമായ് വരുന്നത്. ഇതിൽ 165 സർവ്വെ നമ്പറുകളിലെ ഭൂമി ഉടമകളുമായി ധാരണാപത്രം പ്രകാരവും സൗജന്യമായും ഏറ്റെടുത്തതായി പൊതുമരാമത്ത് വകുപ്പിൽ നിന്ന് ലഭിച്ച വിവരം അനുസരിച്ച് മനസിലാക്കുന്നു. നിർദ്ദിഷ്ട പ്രദേശത്ത് പദ്ധതി നിർമ്മാണം തുടങ്ങിയിട്ടുണ്ട്

## 4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

03.06.2025 തീയതിയിലെ 2086 നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ പത്തനംതിട്ട ജില്ലാ കളക്ടറുടെ സി2-9640/2013 ഫോറം നമ്പർ 4 വിജ്ഞാപനം അനുസരിച്ച് കോന്നി മെഡിക്കൽ കോളേജ് റോഡ് വികസനത്തിനുവേണ്ടി ഏകദേശം 46.21 ആർസ് ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. പ്രസ്തുത ഭൂമി കോന്നി താലൂക്കിലെ ഐരവ്ൺ വില്ലേജിലെ 63 റിസർവ്വെനമ്പറുകളിൽ ഉൾപ്പെടുന്നു


## 4.7. ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

***ചിത്രം 4.7.1. ആഘാതബാധിതഭൂമിയുടെ തരം***




പദ്ധതിബാധിത ഭൂമിയുടെ ഉടമകളിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിബാധിത ഭൂമിയുടെ തരം ചിത്രം 4.7.1.ൽ നൽകിയിരിക്കുന്നു. ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ 92% പുരയിടവും 8% നിലവുമാണ്

***ചിത്രം 4.7.2. ആഘാതബാധിതഭൂമിയുടെ നിലവിലെ ഉപയോഗം***



പദ്ധതിബാധിത ഭൂമിയിൽ നിലവിൽ പദ്ധതി നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. എസ്.ഐ.എ. പഠനത്തിന്റെ ഭാഗമായ സർവെയിൽ പങ്കെടുത്ത 37.5% ഉടമകളും കുടുംബങ്ങളുടെ താമസത്തിനായി മാത്രം ഉപയോഗിക്കുന്ന ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കുന്നത്. തങ്ങളുടെ ഭൂമി കൃഷി ഭൂമിയായി ഉപയോഗിക്കുന്നതാണെന്ന് 18.7% ഉടമകൾ പ്രതികരിച്ചു. 37.5% ഉടമകളുടെ ഭൂമി തരിശ് കിടക്കുന്നതായും 2.1% ഉടമകളുടെ ഭൂമി ബിസിനസ് ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്നതായും 6.2% ഉടമകളുടെ ഭൂമി താമസത്തിനും കൃഷിക്കുമായി ഉപയോഗിക്കുന്നതായും സർവെയിൽ വെളിപ്പെടുത്തി.

## 4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

ഭൂവുടമകൾക്ക് ആകെ കൈവശമായിട്ടുള്ള ഭൂമിയുടെ അളവ് വിലയിരുത്തുമ്പോൾ 31.8% ഭൂവുടമകൾക്ക് 5 സെൻറിനും 25 സെൻറിനും ഇടയിലും, 18.2% ഉടമകൾക്ക് 30 സെൻറിനും 50 സെൻറിനും ഇടയിലും ഭൂമി കൈവശമായിട്ടുണ്ട്. 22.7% ഉടമകൾക്ക് 50 സെൻറിനും 1 ഏക്കറിനും ഇടയിൽ വിസ്തീർണ്ണത്തിൽ ഭൂമിയുള്ളതായി മനസിലാക്കുന്നു. 1 ഏക്കറിനും 2 ഏക്കറിനും ഇടയിലും, 2 ഏക്കറിനും 3 ഏക്കറിനും ഇടയിലും, 8 ഏക്കറും അതിൽ കൂടുതലും ഭൂമി കൈവശമായിട്ടുള്ള 9% ഉടമകൾ വീതമുണ്ട്

ഭൂവുടമകളിൽ 56% പേർക്കും പദ്ധതിബാധിത ഭൂമി പാരമ്പര്യമായി കൈവശമായതും 44% ഉടമകൾ വിവിധ കാലയളവുകളിലായി ടി ഭൂമി വിലകൊടുത്ത് വാങ്ങിയതുമാണ് എന്ന് മനസിലാക്കുന്നു.

ഭൂവുടമകളിൽ 45% പേരും പദ്ധതി പ്രദേശത്ത് താമസിക്കുന്നവരാണ്. ഇവരിൽ 1 കുടുംബത്തിന്റെ വീട് ഏറ്റെടുക്കുന്ന ഭൂമിയിൽ ഉൾപ്പെട്ട് വരുന്നതായി മനസിലാക്കുന്നു.

## 4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

കഴിഞ്ഞ 3 വർഷകാലത്തേക്ക് പ്രസ്തുത ഭൂമിയിൽ കൈമാറ്റങ്ങൾ നടന്നതായി വിവരം ലഭിച്ചിട്ടില്ല. നിർദ്ദിഷ്ട ഭൂമിയുടെ നിലവിലെ ഉപയോഗം ചിത്രം 4.7.1.ൽ നൽകിയിട്ടുണ്ട്

# അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

കോന്നി മെഡിക്കൽ കോളേജ് റോഡ് വികസന പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്തിരിക്കുന്ന ഭൂമിയുടെ ഉടമകളുടെ വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയിലെ ആസ്തികളുടെ വിവരങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

## 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷവും പരോക്ഷ വുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാതബാധിതരായും, ഉപജീവനത്തിനോ, താമസത്തിനോ, മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. നിർദ്ദിഷ്ട പദ്ധതിക്ക് പ്രത്യക്ഷപ്രത്യാഘാതബാധിതർ മാത്രമേയുള്ളു എന്നാണ് മനസിലാക്കുന്നത്.

### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

കോന്നി മെഡിക്കൽ കോളേജ് റോഡ് പദ്ധതിക്ക് വേണ്ടി 63 സർവെനമ്പറുകളിൽ നിന്നുള്ള ഭൂമി ഏറ്റെടുക്കുന്നതിനായാണ് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നത്. പസ്തുത സർവെനമ്പറുകൾ 60 ഉടമകളുടെ കൈവശത്തിലുള്ളതാണെന്ന് മനസിലാക്കുന്നു. ആയതിനാൽ പദ്ധതിബാധിത കുടുംബങ്ങളുടെ എണ്ണം ഏകദേശം 60 ആണ് ഭൂവുടമകളുടെ ലിസ്റ്റ് അനുബന്ധം 1 ആയി നൽകിയിട്ടുണ്ട്.

## 5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസി കുടുംബങ്ങൾ

ബാധകമല്ല

## 5.3. പൊതുവിഭവങ്ങൾ ആഘാത ബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

ബാധകമല്ല

## 5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതി യിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

ബാധകമല്ല

## 5.5. മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗര പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

ഭൂവുടമകളിൽ 50% പേരും പദ്ധതി പ്രദേശത്ത് താമസിക്കുന്നവരാണ്.

## 5.6. മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

പദ്ധതി പ്രദേശത്ത് റബർ കൃഷി, നെൽകൃഷി മുതലായവ ഉണ്ടായിരുന്നതായി ഭൂവുടമകളുമായി നടത്തിയ സാമൂഹിക സാമ്പത്തിക സർവെയിലൂടെ മനസിലാക്കുന്നു. എന്നാൽ നിലവിലെ ഭൂമി ഏറ്റെടുക്കൽ ആരുടെയും ഉപജീവനമാർഗത്തെ ബാധിച്ചതായി ഉടമകൾ പ്രതികരിച്ചിട്ടില്ല

### 5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാത ബാധിതരാകുന്നവർ)

പദ്ധതിക്ക് പരോക്ഷ ആഘാതബാധിതരില്ല.

## 5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പദ്ധതിപ്രദേശത്ത് ഭൂമി ഒരുക്കി 2025ൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ പദ്ധതിബാധിത ഭൂമിയിലുള്ള പദ്ധതിബാധിതമാകുന്ന ചമയങ്ങളുടെ വിവരങ്ങൾ പട്ടിക 5.6.2.ൽ നൽകിയിരിക്കുന്നു

**പട്ടിക 5.6.2 പദ്ധതിബാധിതമാകുന്ന ചമയങ്ങൾ**

| *ക്രമ നമ്പർ* | *ഉടമയുടെ പേര്* | *റീസർവെനമ്പർ* | *പദ്ധതിബാധിതമാകുന്ന ചമയങ്ങൾ* |
|---|---|---|---|
| 1 | ഹരികുമാർ | 74/2 | പ്ലാവ്, വഷണ |
| 2 | ജോൺസൺ | 79/17 | വീട്, ചുറ്റുമതിൽ, ഗേറ്റ്, സെപ്റ്റിക് ടാങ്ക്, കിണർ |
| 3 | സന്തോഷ് മാത്യു | 204/24 | കിണർ |
| 4 | എം.ജെ.ചാക്കോ & ക്രിസ്റ്റീന ചാക്കോ | 203/2 | കരിങ്കൽ ഭിത്തി, കിണർ |
| 5 | ഷംസുദ്ദീൻ എ.എം. | 38/8 | കരിങ്കൽ മതിൽ, റബർ 6, പുളി |
| 6 | ഡി. സദാനന്ദൻ | 204/06 | മതിൽ, കിണർ, തെങ്ങ് 6 |

# അദ്ധ്യായം 6


# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

ഭൂവുടമകളുടെയും പദ്ധതിപ്രദേശത്തിന്റെയും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പശ്ചാത്തലങ്ങളാണ് ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നത്.

## 6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതിപ്രദേശം ജനവാസ സ്ഥലമാണ്. പദ്ധതിബാധിത ഭൂവുടമകളിൽ 45% പേരും പദ്ധതി പ്രദേശത്ത് താമസിക്കുന്നതായി മനസിലാക്കുന്നു. പദ്ധതി പ്രദേശത്ത് താമസിക്കുന്ന ഭൂവുടമകളുമായി നടത്തിയ സാമൂഹ്യ സാമ്പത്തിക സർവെയിൽ ലഭിച്ച വിവരമനുസരിച്ച് ടി കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു.

***ചിത്രം 6.1.1. പദ്ധതിബാധിത ജനസംഖ്യയിലെ സ്ത്രീ–പുരുഷാനുപാതം***





പദ്ധതിബാധിത കുടുംബങ്ങളിലെ ജനസംഖ്യയിൽ 46% പുരുഷൻമാരും 54% സ്ത്രീകളുമാണെന്ന് ചിത്രം വ്യക്തമാക്കുന്നു.

പദ്ധതിബാധിത കുടുംബങ്ങളിലെ ആകെ ജനസംഖ്യയിൽ ഭൂരിഭാഗവും അതായത് 64.79% 18 വയസിനും 60 വയസിനും ഇടയിൽ പ്രായമുള്ളവരാണ്. 18 വയസിൽ താഴെ പ്രായമുള്ള കുട്ടികളുടെ ശതമാനം 12.68% ഉം, 60 വയസിനുമുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ശതമാനം 22.53% ഉം ആണ്.

## .6.2. വരുമാനവും ദാരിദ്ര്യതലവും

പദ്ധതിബാധിത കുടുംബങ്ങളുടെ പ്രധാന വരുമാനമാർഗത്തെ കുറിച്ചുള്ള ചോദ്യത്തിന് 78% ഉടമകളാണ് മറുപടി നൽകിയത്. സർവെയിൽ ലഭിച്ച വിവരം അനുസരിച്ച് കുടുംബങ്ങളുടെ പ്രധാന വരുമാനമാർഗം ചിത്രം 6.2.1ൽ നൽകിയിരിക്കുന്നു.

***ചിത്രം 6.2.1. പദ്ധതിബാധിത കുടുംബങ്ങളുടെ പ്രധാന വരുമാനമാർഗം***




സർവെയിൽ വിവരദാതാക്കൾ നൽകിയ വിവരം അനുസരിച്ച് കുടുംബങ്ങളുടെ പ്രധാന വരുമാനമാർഗങ്ങൾ സർക്കാർ സർവീസ് പെൻഷൻ (27%), ബിസിനസ് (19%), സ്വകാര്യ സ്ഥാപനത്തിലെ ജോലി (23%), വിദേശജോലി (15.40%, നഴ്സ് (3.9%), ദിവസ വേതന ത്തിലുള്ള ജോലി (16%) എന്നിങ്ങനെയാണ്

## 6.3. ദുർബല ജനവിഭാഗം

ഭൂവുടമകളിൽ 24% പേരും 60 വയസിനുമുകളിൽ പ്രായമുള്ള വയോജനങ്ങളാണ്. ഇവരിൽ ശാരീരികവും മാനസീകവുമായ അവശതകൾ നേരിടുന്ന വ്യക്തികളുമുണ്ട് എന്ന് മനസിലാക്കുന്നു.

## 6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

എസ്.ഐ.എ. പഠനത്തിൻെറ ഭാഗമായ സർവെയിൽ പങ്കെടുത്ത 37.5% ഉടമകളും കുടുംബങ്ങളുടെ താമസത്തിനായി മാത്രം ഉപയോഗിക്കുന്ന ഭൂമിയാണ് പദ്ധതി ക്കായി ഏറ്റെടുക്കുന്നത്. തങ്ങളുടെ ഭൂമി കൃഷി ഭൂമിയായി ഉപയോഗിക്കുന്നതാണെന്ന് 18.7% ഉടമകൾ പ്രതികരിച്ചു. 37.5% ഉടമകളുടെ ഭൂമി തരിശ് കിടക്കുന്നതായും 2.1% ഉടമകളുടെ ഭൂമി ബിസിനസ് ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്നതായും 6.2% ഉടമകളുടെ ഭൂമി താമസത്തിനും കൃഷിക്കുമായി ഉപയോഗിക്കുന്നതായും സർവെയിൽ വെളിപ്പെടുത്തി.

.നിലവിൽ വിജ്ഞാപനം ചെയ്തിരിക്കുന്ന സർവ്വെനമ്പറുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ ഉപജീവനമാർഗം പദ്ധതിബാധിതമാകുന്നില്ല എന്ന് വിലയിരുത്താവുന്നതാണ്

## 6.5. പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതിപ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ പദ്ധതിബാധിതമാകുന്നില്ല

## 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പ്രാദേശിക ഉപജീവന ഘടകങ്ങൾ പദ്ധതിബാധിതമാകുന്നില്ല

## 6.7. കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതി കുടുംബങ്ങളെയോ സാംസ്കാരിക സംഘടന കളെയോ ബാധിക്കുന്നില്ല

## 6.8. ഭരണ സംഘടനകൾ

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതി ഭരണ സംഘടനകളെ ബാധിക്കുന്നില്ല.

## 6.9. രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടി ട്ടില്ല

## 6.10. സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

ബാധിക്കുന്നില്ല

## 6.11. പ്രാദേശികവും ചരിത്രപരവുമായ പരിണാമ പ്രക്രിയ

പദ്ധതി പ്രദേശം കോന്നി ഗ്രാമപഞ്ചായത്ത് 8,9,10 വാർഡുകളിൽ ഉൾപ്പെട്ട പ്രദേശങ്ങളാണ്. കോന്നി മെഡിക്കൽ കോളേജിലേക്ക് പോകുന്നതിന് പ്രദേശത്ത് നിലവിലുള്ള പഞ്ചായത്ത് റോഡും പൊതുമരാമത്ത് വകുപ്പ് റോഡുമാണ് കൂടുതൽ സൗകര്യങ്ങളോടെ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. മുരിങ്ങാമംഗലം ജംഗ്ഷൻ മുതൽ വട്ടമൺ വരെയുള്ള പി.ഡബ്ല്യു.ഡി റോഡും വട്ടമൺ മുതലുള്ള പഞ്ചായത്ത് റോഡുമാണ് പദ്ധതിയിൽ ഉൾപ്പെട്ട് വരുന്നത്

## 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

കോന്നി ടൗണിൽ നിന്ന് 4 കിലോമീറ്റർ മാത്രം ദൂരത്തിലാണ് പദ്ധതി പ്രദേശം നിലകൊള്ളുന്നത് എന്നതിനാൽ പ്രദേശവാസികൾക്ക് എല്ലാവിധ സൗകര്യങ്ങളും പ്രാപ്യമാണ്

# അദ്ധ്യായം 7
# സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണം (Social Impact Management Plan)

## 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

കോന്നി മെഡിക്കൽ കോളേജ് റോഡിനുവേണ്ടി പത്തനംതിട്ട ജില്ലാകളക്ടറുടെ ഫോറം നമ്പർ 4 വിജ്ഞാപനം അനുസരിച്ച് 63 സർവ്വെനമ്പറുകളിൽ ഉൾപ്പെടുന്ന ഏകദേശം 46.21 ആർസ് ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ഇവരിൽ ഏതാനും ഉടമകൾ തങ്ങളുടെ ഭൂമി വിട്ടുനൽകുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നെഗോഷ്യബിൾ പർച്ചേസ് പ്രകാരം സമ്മതപത്രം നൽകിയിട്ടുള്ളതായി എസ്.ഐ.എ.യൂണിറ്റിനോട് വെളിപ്പെടുത്തി.

വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വെനമ്പറുകളിൽ എസ്.ഐ.എ.യൂണിറ്റിന് ബന്ധപ്പെടുവാൻ കഴിഞ്ഞ 54 (86%) സർവ്വെനമ്പറുകളുടെ ഉടമകളുമായി നടത്തിയ സാമൂഹ്യ സാമ്പത്തിക സർവെയിൽ കോന്നി മെഡിക്കൽ കോളേജ് റോഡ് വികസനപദ്ധതി പ്രദേശത്തിൻെറ ഒരു ആവശ്യമാണെന്ന് ഉടമകൾ എല്ലാവരും അഭിപ്രായപ്പെട്ടു. എങ്കിലും ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നഷ്ടപരിഹാര നടപടികളെക്കുറിച്ച് ഏതാനും ഉടമകൾ ആശങ്ക പ്രകടിപ്പിച്ചു. ഭൂമിയുടെ വിലയോടൊപ്പം തങ്ങളുടെ ഭൂമിയിലെ ചുറ്റുമതിൽ, കിണർ മുതലായ ചമയങ്ങൾക്കും നഷ്ടപരിഹാരം ലഭിക്കണം എന്ന് ഭൂവുടമകളിൽ പലരും ആവശ്യപ്പെടുന്നു. നിലവിൽ ഭൂമി ഒരുക്കി പദ്ധതി നിർമ്മാണം ആരംഭിച്ചതിനാൽ പദ്ധതിബാധിത ഭൂമിയിലെ വൃക്ഷങ്ങളും മറ്റ് ചമയങ്ങളും നീക്കം ചെയ്തിട്ടുണ്ട് എന്ന് മനസിലാക്കുന്നു. ആയതിനാൽ നിലവിൽ വിജ്ഞാപനം ചെയ്തിരിക്കുന്ന 63 സർവ്വെനമ്പറുകളിൽ നിന്ന് പദ്ധതി നിർമ്മാണത്തിനായി പൊതുമരാമത്ത് നീക്കം ചെയ്ത വൃക്ഷങ്ങളും ചമയങ്ങളും കൂടി പരിഗണിച്ചുകൊണ്ട് ഉടമകൾക്ക് RFCTLARR നിയമം 2013 ൻെറ വെളിച്ചത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പോളിസികൾ പ്രകാരം നഷ്ടപരിഹാരം നൽകുന്നത് ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാൻ ഇടയുള്ള പ്രത്യാഘാതങ്ങളുടെ ന്യായമായ വിധത്തിലുള്ള പരിഹാരനടപടിയായി കരുതാവുന്നതാണ്. കൂടാതെ വീട് പദ്ധതി ബാധിതമാകുന്ന കുടുംബത്തിൻെറ പദ്ധതി പ്രദേശത്തെ തുടർതാമസവുമായി ബന്ധപ്പെട്ട ആശങ്കകളും പരിശോധിക്കേണ്ടതും നഷ്ടപരിഹാര നടപടികളിൽ യഥായോഗ്യം പരിഗണിക്കപ്പെടേണ്ടതുമാണ്.

## 7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമക്ക് ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമ ത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD, 29/12/2017 തീയതിയിലെ G.O(MS) No.448/2017/RD) പ്രകാരവും നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും നൽകുക.

## 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസത്തി നും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിന്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD, 29/12/2017 തീയതിയിലെ G.O(MS) No.448/2017/RD) പ്രകാരവും നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 അനുശാസിക്കുന്ന നടപടിക്രമങ്ങൾ പ്രകാരം ഭൂവുടമക്ക് നൽകേ ണ്ടതാണ്.

## 7.4. പദ്ധതി രേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താ വിച്ചിട്ടുള്ള നടപടികൾ

പ്രത്യേകമായി ഉൾപ്പെടുത്തുന്ന നടപടികളെക്കുറിച്ച് വിവരം ലഭിച്ചിട്ടില്ല.

## 7.5. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

ഏറ്റവും കുറവ് സാമൂഹ്യ പ്രത്യാഘാതം ഉണ്ടാകുന്ന വിധത്തിലാണ് ഭൂമി ഏറ്റെടുക്കൽ ക്രമപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പദ്ധതി രൂപരേഖയിൽ മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല

## 7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

പദ്ധതി മൂലം ഉണ്ടാകുവാൻ സാധ്യതയുണ്ടെന്ന് എസ്.ഐ.എ.യൂണിറ്റ് വിലയിരുത്തുന്ന പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1** ***സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവും നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 പ്രകാരമു | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമയെ ബോധ്യപ്പെടുത്തൽ |
| 2 | വീട് പദ്ധതിബാധിതമാകൽ | RFCTLARR നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവും പുനരധിവാസ–പുനസ്ഥാപന പാക്കേജ് നൽകുക | | കുടുംബത്തിന്റെ സുരക്ഷിതവും സുഗമവുമായ താമസത്തിന് ഭംഗം നേരിടാതിരിക്കൽ |

| | | | | |
|---|---|---|---|---|
| 3 | അവശ്യസൗകര്യങ്ങൾ നഷ്ടമാകുന്നു | | ള്ള സമയ ക്രമം | കുടുംബങ്ങളുടെ താമസത്തിന് ഭംഗം നേരിടാത്ത വിധത്തിൽ അവശ്യസൗകര്യങ്ങളുടെ പുന:സ്ഥാപനം |
| 4 | പുനരുപയോഗ യോഗ്യമല്ലാതെ തുണ്ടുഭൂമി അവശേഷിക്കൽ | നിജസ്ഥിതി പരിശോധിച്ച് നഷ്ടപരിഹാരനടപടികളിൽ പരിഗണിക്കുക | | ഉടമകൾക്ക് ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ ന്യായമായ വിധത്തിലുള്ള പരിഗണന |
| 5 | നിർമ്മാണമാലിന്യങ്ങൾ മൂലം ഉണ്ടാകുവാനിടയുള്ള പരിസരമലിനീകരണം | നിർമ്മാണമാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ഠിതവുമായ നിർമ്മാർജനം, പ്രദേശത്തെ കനാലിലും കാനകളിലും നീരൊഴുക്ക് തടസപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ | | പദ്ധതി മൂലം പ്രദേശത്തിൻെറ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

## 7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായ് അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും

സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD, 29/12/2017 തീയതിയിലെ G.O(MS) No.448/2017/RD) 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പ്രകാരമുള്ള നഷ്ടപരിഹാര നടപടികളാണ് അർത്ഥനാധികാരി കൈക്കൊള്ളുന്നത്.

# അദ്ധ്യായം 8
# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി – സ്ഥാപന സംവിധാനം

## 8.1. ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ലെ ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും നഷ്ടപരിഹാരവും പുന:രധിവാസ-പുന:സ്ഥാപന സ്കീമും തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുന:രധിവാസ– പുന:സ്ഥാപന കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കുവേണ്ടി പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. നിർദ്ദിഷ്ട പദ്ധതിയുടെ RFCTLARR നിയമം 2013 പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവഹിക്കുന്നതിന് പൊന്നുംവില സ്പെഷ്യൽ തഹസിൽദാർ, പത്തനംതിട്ട ചുമതലപ്പെട്ടിരിക്കുന്നു.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ഉം 23/09/2015 ൽ പുറപ്പെടുവിച്ച ഉത്തരവ് G.O.(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളായിരുന്നു ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും, സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ

സർക്കാർ ഉത്തരവ് G.O.(MS)No.56/2019/RD.പ്രകാരം സംസ്ഥാന തലത്തിൽ നിയോഗി ക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി. ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുന:രധിവാസ–പുന:സ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിൻമേൽ ജില്ലാകളക്ടർ അംഗീകാരം നൽകണം. പദ്ധതി ബാധിതരുടെ രേഖകൾ പരിശോധിച്ച്, സ്ഥല പരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി, ആവശ്യമായ ഭേദഗതികൾ വരുത്തി, തയ്യാറാക്കപ്പെട്ട്, ജില്ലാകളക്ടറുടെ അംഗീകാരം നേടിയ ഭൂമി വിലയും, കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ വൃക്ഷങ്ങളുടെ വില, മറ്റ് ആസ്തികളുടെ വില എന്നിവയും കൂടി ഉൾപ്പെടുത്തിയ നിയമാ നുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതിബാധിത കുടുംബത്തോട് വിശദീ കരിക്കും. പദ്ധതിബാധിത വ്യക്തിയുടെ/ കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പടെ ഭൂമി ഏറ്റെടു ക്കൽ നടപടികൾ ജില്ലാകളക്ടർക്ക് സമർപ്പിക്കും. നിശചയിക്കപ്പെട്ട നഷ്ടപരിഹാരവും പുന:രധിവാസ–പുന:സ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

## 8.2. സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കു

ന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം കോന്നി മെഡിക്കൽ കോളേജ് റോഡ് വികസന പദ്ധതിക്ക് വേണ്ടി ഏകദേശം 46.21 ആർസ് ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് എന്ന ഏജൻസിയെ പത്തനംതിട്ട ജില്ലാകളക്ടറുടെ 31/05/2025 തീയതിയിലെ സി/2-9640/2013 ഫോറം നമ്പർ 4 വിജ്ഞാപനം പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവഹിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

## 8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

സാങ്കേതിക നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതിയുടെ പ്രത്യാഘാത ലഘൂകരണത്തിൻെറ ഭാഗമായി വരുന്നില്ല

## 8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

## 9.1. പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചെലവ്

ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ ഒരു കുടുംബം താമസിക്കുന്ന വീട് ഭാഗികമായി ഉൾപ്പെട്ട് വരുന്നു. ടി കുടുംബത്തിന്റെ സെപ്റ്റിക് ടാങ്ക്, കിണർ എന്നിവ പ്രത്യാഘാത ബാധിതമാകുന്നു. പ്രസ്തുത അടിസ്ഥാന സൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിന് ഏറ്റെടുക്കലിന് ശേഷം അവശേഷിക്കുന്ന ഭൂമി അപര്യാപ്തമായിരിക്കും. ആയതിനാൽ ടി കുടുംബത്തിന്റെ പദ്ധതി പ്രദേശത്തെ തുടർ താമസത്തിന് തടസം നേരിട്ടാൽ, പ്രസ്തുത സാഹചര്യത്തിന്റെ നിജസ്ഥിതി പരിശോധിച്ച് പുനരധിവാസ-പുനസ്ഥാപന് പാക്കേജിന് പരിഗണിക്കണം.

## 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായുള്ള സാമ്പത്തിക രൂപരേഖ തയ്യാറാക്കുന്നതിന് പൊന്നുംവില സ്പെഷ്യൽ തഹസിൽദാർ, പത്തനംതിട്ട ചുമതലപ്പെട്ടിരിക്കുന്നു.

## 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ഭൂവുടമകൾക്ക് നഷ്ടമാകുന്ന ഭൂമിക്കും ചമയങ്ങൾക്കും RFCTLARR നിയമം 2013 ന് അനുസൃതമായി നഷ്ടപരിഹാരം നൽകണം

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽ നോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ ന്യായമായ വിലയും നഷ്ടപരിഹാരവും
- ഭൂമിയിലെ ചമയങ്ങളുടെ കണക്കെടുപ്പും നഷ്ടപരിഹാരവും
- കുടുംബങ്ങളുടെ സുഗമമായ താമസത്തിന് ഭംഗം വരാതെയുള്ള പദ്ധതി നിർവ്വഹണവും നഷ്ടപരിഹാര നടപടികളും
- പ്രദേശത്തിന്റെ പരിസ്ഥിതിക്ക് കോട്ടം വരാതെയുള്ള പദ്ധതി നിർവ്വഹണം

## 10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ടകർത്തവ്യങ്ങളും

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 പ്രകാരമായിരിക്കും. പൊന്നുംവില സ്പെഷ്യൽ തഹസിൽദാർ, പത്തനംതിട്ട നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെട്ടിരിക്കുന്നു.

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

നിർദ്ദിഷ്ട പദ്ധതിക്ക് സ്വതന്ത്ര മൂല്യനിർണ്ണയം വിഭാവന ചെയ്തിട്ടില്ല.

# അദ്ധ്യായം 11

# ഭൂമിയേറ്റെടുക്കലിൽ ഉണ്ടാകുവാനിടയുള്ള ചെലവുകളുടെയും നേട്ടങ്ങളുടെയും വിശകലനവും ശുപാർശയും

## 11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

കോന്നി പട്ടണത്തിൽ നിന്നും കോന്നി മെഡിക്കൽ കോളേജിലേക്ക് വരുന്ന കോന്നി മെഡിക്കൽ കോളേജ് റോഡ് വികസിപ്പിച്ച് മെഡിക്കൽ കോളേജിലേക്ക് വരുന്ന രോഗികൾക്കും സന്ദർശകർക്കും സുഗമമായ യാത്ര പ്രദാനം ചെയ്യുവാൻ കഴിയും. ആംബുലൻസ് ഉൾപ്പടെയുള്ള വാഹനങ്ങൾ നിർദ്ദിഷ്ട റോഡിലൂടെ സുഗമമായി കടന്നു പോകാനാവുന്നതിലൂടെ മെഡിക്കൽ കോളേജിൻെറ സേവനങ്ങൾ എളുപ്പത്തിൽ രോഗികൾക്ക് പ്രയോജനപ്രദമാക്കുവാൻ കഴിയും. ആയതിനാൽ നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിൻെറ അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടിയാണ് എന്ന് വിലയിരുത്താവുന്നതാണ്.

പത്തനംതിട്ട ജില്ലാ കളക്ടറുടെ ഫോറം നമ്പർ 4 വിജ്ഞാപനത്തിലൂടെ പദ്ധതിക്കായി ഏറ്റെടുക്കുവാൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന സർവ്വെനമ്പറുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ ഉടമകൾക്ക് കൈവശഭൂമിയിൽ കുറവ് വരുന്നു, 1 വീട് ഏകദേശം ഭാഗികമായി പൊളിച്ച് മാറ്റേണ്ടി വരുന്നു, കൂടാതെ 4 കിണർ, സെപ്റ്റിക് ടാങ്ക് മുതലായ അവശ്യസൗകര്യങ്ങൾ ഉൾപ്പടെ ഭൂമിയിലെ ചമയങ്ങൾ നഷ്ടമാകുന്നു എന്നതുമാണ് പ്രത്യാഘാതങ്ങളായി മനസിലാക്കുന്നത്.

നിലവിൽ വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന 63 റീസർവ്വെ നമ്പറുകളിൽ നിന്ന് ഏകദേശം 46.21 ആർസ് ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത വിജ്ഞാപനത്തിൽ ഉൾപ്പെട്ട സർവ്വെനമ്പറുകളുടെ ഉടമകളെ ബന്ധപ്പെട്ട് നടത്തിയ പഠനത്തിൽ ഭൂവുടമകൾ എല്ലാവരും നിർദ്ദിഷ്ട പദ്ധതിയോട് അനുകൂലമായാണ് പ്രതികരിച്ചത്. പദ്ധതിക്ക് വേണ്ടി

വിട്ടുനൽകിയ ഉടമകളുടെ ഭൂമി പദ്ധതിബാധിത പ്രദേശത്തെ ചമയങ്ങൾ മാറ്റി നിർമ്മാണപ്രവർത്തനത്തിനായി ഒരുക്കികഴിഞ്ഞു. RFCTLARR നിയമം 2013 അനുശാസിക്കുന്ന നഷ്ടപരിഹാര നടപടികളിലൂടെ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിമൂലം ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

## 11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

കോന്നി മെഡിക്കൽ കോളേജ് റോഡ് മതിയായ സൗകര്യത്തോടുക്കുടി പുനർനിർമ്മിക്കുക എന്നത് പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമാണ്. പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ഭൂവുടമകൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ നിയമാനുസൃതമായ നഷ്ടപരിഹാര നടപടികളിലൂടെ ലഘൂ കരിക്കാവുന്നതാണ്. ആയതിനാൽ താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടുകൊണ്ടും ശുപാർശകൾ പരിഗണിച്ചുകൊണ്ടും പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ 34, 35 ബ്ലോക്ക് നമ്പറുകളിൽ ഉൾപ്പെടുന്ന ഏകദേശം 46.21 ആർസ് ഭൂമി കോന്നി മെഡിക്കൽ കോളേജ് റോഡ് നിർമ്മാണത്തിനായി ഏറ്റെടുക്കാവുന്നതാണെന്ന് എസ്.ഐ.എ.ഏജൻസി ശുപാർശ ചെയ്യുന്നു.

## 11.2a.നിയമാനുസൃതമായ പ്രത്യാഘാത ലഘൂകരണ നടപടികൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമ ത്തിന്റെയും ചട്ടത്തിന്റെയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD, 29/12/2017 തീയതിയിലെ G.O(MS) No.448/2017/RD) പ്രകാരവും ഭൂവുടമകൾക്കും മറ്റ് പദ്ധതിബാധിതർക്കും നഷ്ടപരിഹാരവും പുനരധിവാസ– പുനസ്ഥാപന പാക്കേജും നൽകുക

## 11.2b.എസ്.ഐ.എ.യൂണിറ്റിൻെറ ശുപാർശകൾ

- ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന ഭൂമിയിൽ തൻെറ കുടുംബത്തിന് സുരക്ഷിതമായി താമസിക്കുവാനോ പദ്ധതിബാധിതമാകുന്ന അവശ്യ സൗകര്യങ്ങളായ സെപ്റ്റിക് ടാങ്ക്, കിണർ മുതലായവ പുനസ്ഥാപിക്കുന്നതിനോ കഴിയില്ല എന്ന വീട് പദ്ധതിബാധിതമാകുന്ന കുടുംബത്തിൻെറ ആശങ്കകളുടെ നിജസ്ഥിതി പരിശോധിക്കേണ്ടതും ടി കുടുംബത്തിൻെറ സുരക്ഷിതവും സുഗമവുമായ താമസം സാധ്യമാകുന്ന വിധത്തിൽ പുനരധിവാസ–പുനസ്ഥാപന നടപടികൾ നടപ്പിലാക്കേണ്ടതുമാണ്.
- എസ്.ഐ.എ. പഠനത്തിനുവേണ്ടിയുള്ള ഫോറം നമ്പർ (4) വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള സർവ്വെനമ്പറുകളുടെ ഏതാനും ഉടമകൾ തങ്ങളുടെ ഭൂമി വിട്ടു നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നെഗോഷ്യബിൾ പർച്ചേസ് പ്രകാരം സമ്മതപത്രം നൽകിയിട്ടുള്ളതായി എസ്.ഐ.എ.യൂണിറ്റിനോട് വെളിപ്പെടുത്തിയിട്ടുണ്ട്. ടി ഉടമകൾക്ക് സമ്മതപത്രം പ്രകാരമുള്ള നഷ്ടപരിഹാര നടപടികളിൽ പരാതിയുണ്ടെങ്കിൽ, 2013 ലെ നിയമം അനുശാസിക്കുന്ന നഷ്ടപരിഹാര നടപടികളിലൂടെ പരിഹരിക്കേണ്ടതാണ്.
- പദ്ധതി നിർമ്മാണ പ്രവർത്തികൾക്കായി പദ്ധതിബാധിത ഭൂമിയിൽ ഉണ്ടായിരുന്ന ചമയങ്ങൾ (നിർമ്മിതികൾ, വൃക്ഷങ്ങൾ മുതലായവ) ഉടമകൾക്ക് നഷ്ടപരിഹാരം നൽകാതെ പൊതുമരാമത്ത് വകുപ്പ് നീക്കം ചെയ്തിട്ടുണ്ടെങ്കിൽ, ആയതിൻെറ നിജസ്ഥിതി പരിശോധിച്ച് നിലവിലെ നഷ്ടപരിഹാര നടപടികളിൽ പരിഗണിക്കുന്നത് ഉചിതമായിരിക്കും.
- പദ്ധതി നിർമ്മാണ മാലിന്യങ്ങൾ പദ്ധതി പ്രദേശത്ത് ഉപേക്ഷിക്കാതിരിക്കുന്നതിനും, യഥാസമയം ശാസ്ത്രീയമായ് നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013

2. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

3. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ (ബി) വകുപ്പിന്റെ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O.(MS)No.485/2015/RD പ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം

4. ഡെപ്യൂട്ടി കളക്ടർ (എൽ.എ) പത്തനംതിട്ട കാര്യാലയത്തിൽ നിന്നും ലഭ്യമായ ഭൂമി വിവരങ്ങൾ

5. പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) കോന്നി കാര്യാലയത്തിൽ നിന്ന് ലഭിച്ച പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ

## പദ്ധതിബാധിതരാകുന്ന ഭൂവുടമകൾ, പ്രതീക്ഷിക്കുന്ന പ്രത്യാഘാതങ്ങൾ

| ക്രമ നമ്പർ | പേര്, വിലാസം | റീസർവെ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതങ്ങൾ |
|---|---|---|---|
| 1 | ശാർങ്ഗദരൻ<br>വട്ടപറമ്പിൽ, പെരിഞ്ഞോട്ടക്കൽ പി.ഒ. കോന്നി<br>7907188735 | 75/3 | കൈവശഭൂമി നഷ്ടമാകുന്നു |
| 2 | ശ്രീനിവാസൻ<br>വട്ടപ്പറമ്പിൽ, പെരിഞ്ഞോട്ടക്കൽ പി.ഒ. കോന്നി<br>7907188735 | 85/7 | കൈവശഭൂമി നഷ്ടമാകുന്നു |
| 3 | ഹരികുമാർ<br>ശ്രീശൈലം, തട്ട പി.ഒ, കോന്നി<br>7907188735 | 74/2 | കൈവശഭൂമിയും വൃക്ഷങ്ങളും (പ്ലാവ്, വഷണ)നഷ്ടമാകുന്നു |
| 4 | ജോൺസൺ<br>പൂവക്കുഴി പുത്തൻവീട്<br>കുപ്പക്കര, പെരിഞ്ഞോട്ടക്കൽ പി.ഒ<br>9495016987 | 79/17 | കൈവശഭൂമിയും, വീട് (ഭാഗികം), ചുറ്റുമതിൽ, ഗേറ്റ്, സെപ്റ്റിക് ടാങ്ക്, കിണർ നഷ്ടമാകുന്നു |
| 5 | ബിജില & ജോൺസൺ<br>പൂവക്കുഴി പുത്തൻവീട്<br>കുപ്പക്കര, പെരിഞ്ഞോട്ടക്കൽ പി.ഒ<br>9495016987 | 80/5 | കൈവശഭൂമി നഷ്ടമാകുന്നു |
| 6 | ജെൻസി ലൂക്ക്<br>വിലങ്ങിൽ ഹൗസ്, പയ്യനാമൺ പി.ഒ<br>8281742508 | 85/5 | കൈവശഭൂമി നഷ്ടമാകുന്നു |
| 7 | വിനോദ് മാത്യു<br>പറയിലേത്ത് ഹൗസ്<br>പെരിഞ്ഞോട്ടക്കൽ, കോന്നി<br>7980496641 | 203/18 | കൈവശഭൂമി നഷ്ടമാകുന്നു |
| 8 | സന്തോഷ് മാത്യു<br>പറയിലേത്ത് ഹൗസ്<br>പെരിഞ്ഞോട്ടക്കൽ, കോന്നി<br>9447270854 | 204/24 | കൈവശഭൂമി, കിണർ നഷ്ടമാകുന്നു, വീട് ഇടിഞ്ഞു |
| 9 | ജോസ്മി ജോഷ്വ (സാമുവേൽ)<br>മണ്ണിൽ ഹൗസ്<br>ചെങ്ങള പി.ഒ., കാസർഗോഡ് :671541<br>9495800943, 9446659975 | 27/14 | കൈവശഭൂമി നഷ്ടമാകുന്നു |

| | | | |
|---|---|---|---|
| 10 | എം.ജെ.ചാക്കോ &ക്രിസ്റ്റീന ചാക്കോ<br>മാതിരമ്പള്ളി<br>പെരിഞ്ഞോട്ടക്കൽ, വട്ടമൺ<br>8113953922 (ജോസഫ്), 9446912305 | 203/2 | കൈവശഭൂമി, കരിങ്കൽ ഭിത്തി, കിണർ നഷ്ടമാകുന്നു |
| 11 | ആർ.മോഹൻ കുമാർ, ഉണ്ണികൃഷ്ണൻ & ഹരികൃഷ്ണൻ<br>കല്ലുകലമണ്ണിൽ, ഐരമൺ പി.ഒ<br>കോന്നി<br>9207253250, 9037221124 | 46/2 | കൈവശഭൂമി നഷ്ടമാകുന്നു |
| 12 | എൻ.ജെ.ഹരിദാസ് (Late), തങ്കമണി<br>മോളുമോനു<br>578 പ്ലോട്ട്, സെക്ടർ :25, പൂനെ<br>7387095115, 9249731125 | 199/4 | കൈവശഭൂമി നഷ്ടമാകുന്നു |
| 13 | ഷംസുദ്ദീൻ എ.എം.<br>സാജി മൻസിൽ<br>കളക്ട്രേറ്റിനു സമീപം, പത്തനംതിട്ട<br>9446685786 | 38/8 | കൈവശഭൂമി, കരിങ്കൽ മതിൽ, റബർ 6, പുളി നഷ്ടമാകുന്നു |
| 14 | അഡ്വ:പി.ഡി വർഗീസ്<br>പറപ്പള്ളിൽ ഹൗസ്<br>പെരിഞ്ഞോട്ടക്കൽ പി.ഒ., കോന്നി<br>9447563526 | 27/13,<br>85/9,<br>85/2 | കൈവശഭൂമി നഷ്ടമാകുന്നു |
| 15 | ഉമേഷ് ആർ.<br>സായി പൗർണമി<br>ഐരവൺ പി.ഒ.,കോന്നി<br>9645318378 | 205/14 | കൈവശഭൂമി നഷ്ടമാകുന്നു |
| 16 | രാജപ്പൻ ((Late), ഉമേഷ് രവീന്ദ്രൻ & രതിഭായി<br>സായി പൗർണമി, ഐരവൺ പി.ഒ<br>കോന്നി<br>9645318378 | 199/13 | കൈവശഭൂമി നഷ്ടമാകുന്നു |
| 17 | സ്കറിയ സാമുവൽ<br>സാം വില്ല<br>മെഡിക്കൽ കോളേജ് റോഡ്<br>മുരിങ്ങമംഗലം ജംഗ്ഷൻ, കോന്നി<br>9605942977 | 41/8 | കൈവശഭൂമി നഷ്ടമാകുന്നു |
| 18 | നസറുദ്ദീൻ എ.എം.<br>അനിയ ഹൗസ്<br>ഐരമൺ പി.ഒ., കോന്നി:689691<br>8547674785 | 60/5 | കൈവശഭൂമി നഷ്ടമാകുന്നു |
| 19 | ഡി. സദാനന്ദൻ<br>ചമ്പ്രസദൻ<br>പെരിഞ്ഞോട്ടക്കൽ പി.ഒ., കോന്നി<br>8547247293 | 204/06 | കൈവശഭൂമി, മതിൽ, കിണർ, തെങ്ങ് 6 നഷ്ടമാകുന്നു |

| | | | |
|---|---|---|---|
| 20 | ടി.കെ.ഉമ്മൻ<br>തേരകത്ത്<br>കൈപ്പട്ടൂർ പി.ഒ., പത്തനംതിട്ട<br>9447062725 | 63/5 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 21 | ഷബി എൻ.<br>മേലത്തേരിൽ ഹൗസ്<br>ഐരവൺ പി.ഒ, കോന്നി<br>9645276505 | 57/10 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 22 | അജിത മനോഹരൻ<br>അജിത ഭവൻ<br>മങ്ങാരം, കോന്നി<br>9495205002 &<br>ജെയിംസ് വർഗീസ്<br>നെരുവം പുറത്ത്<br>വടയാർ പി.ഒ, കോന്നി<br>8921139211 | 182/15 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 23 | അജിത് ഭാഗ്യനാഥൻ<br>c/o. അതുല്ല്യ<br>ഹൗസ് നമ്പർ : 1344, സെക്റ്റർ 29<br>ഫരീദാബാദ്, ഹരിയാന സ്റ്റേറ്റ്<br>9810737570 | 203/31 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 24 | കെ.ആർ.കെ. പ്രദീപ്<br>കാർത്തികപുരം<br>പയ്യനാമൽ പി.ഒ, കോന്നി<br>9447408603 | 84/3 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 25 | ബാബു വർഗീസ്<br>പവൂക്കര ഹൗസ്<br>ആനകുത്തി, കോന്നി<br>9659982089, 9495536876 | 201/6 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 26 | സന്തോഷ് കെ.എസ്.<br>കാവിൽ<br>പെരിഞ്ഞോട്ടക്കൽ പി.ഒ., കുപ്പക്കര<br>കോന്നി<br>8547342055 | 80/10 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 27 | മോനച്ചൻ കെ.എസ്.<br>പെരിഞ്ഞോട്ടക്കൽ പി.ഒ.<br>കുപ്പക്കര, കോന്നി<br>8547342055 | 95/11 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 28 | ബേബി സാമുവേൽ & സാമുവേൽ<br>കെ.വർഗീസ്<br>ബ്രോൺ വില്ല<br>ഇടയലാമുറിയിൽ, കോന്നി<br>9539247820 | 60/9 | കൈവശഭൂമി<br>നഷ്ടമാകുന്നു |

| | | | |
|---|---|---|---|
| 29 | ഷീല കുട്ടപ്പൻ നായർ<br>ഗൗരി നിവാസ്<br>ഐരവൺ.പി.ഒ.<br>കോന്നി<br>9870003610<br>9821620366 | 201/1 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 30 | ലീല കൃഷ്ണകുമാർ<br>ഗൗരി നിവാസ്<br>ഐരവൺ.പി.ഒ., കോന്നി<br>9870003610<br>9821620366 | 201/1 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 31 | വി.ജോർജ് രാജു<br>വലിയ തെക്കേതിൽ<br>ഐരവൺ പി.ഒ.,കോന്നി<br>9496478205 | 201/2,<br>47/7,<br>41/16 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 32 | പ്രകാശ് എസ്.നായർ<br>കമലാലയം<br>പെരിഞ്ഞോട്ടക്കൽ, കോന്നി<br>7015112830 | 74/4 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 33 | ജൂബിൽ അലക്സ് മാത്യു<br>C/o.പി.കെ.മാത്യുകുട്ടി<br>പുന്നൂരത്ത്<br>ഐശ്വര്യനഗർ, നാലാഞ്ചിറ<br>തിരുവനന്തപുരം :690515<br>9847153446 | 80/8 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 34 | കൃഷ്ണകുമാർ എം<br>മുല്ലക്കൽ ഹൗസ്<br>ഐരവൺ പി.ഒ., കോന്നി<br>9895322155<br>ഫ്ലാറ്റ് നമ്പർ :6 സി<br>റോയൽ ക്രൗൺ അപ്പാർട്ട്മെൻറ്<br>നിലം പതിഞ്ഞമുകൾ റോഡ്<br>കുഴിക്കാട്ടുമൂല, കുസുമഗിരി<br>കാക്കനാട് | | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 35 | ഷൈൻ കെ.അലക്സ്<br>കുത്തിനത്തുമണ്ണിൽ ഹൗസ്<br>പൈനാമൺ പി.ഒ., കോന്നി<br>9447353206 | 95/5,<br>95/4,<br>85/10 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 36 | റെനി എം.മാത്യു<br>മഠത്തിൽ ഹൗസ്<br>ഐരവൺ പി.ഒ., കോന്നി<br>8156817988 | 56/23 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 37 | മിനി റെജി<br>മഠത്തിൽ ഹൗസ് | 56/23 | കൈവശഭൂമി<br>നഷ്ടമാകുന്നു |

| | | | |
|---|---|---|---|
| | ഐരവൺ പി.ഒ., കോന്നി<br>7736528558 | | |
| 38 | രഞ്ജിത് (ഉണ്ണി)<br>രശ്മി വിലാസം<br>പയ്യനാമൺ<br>9447211852 | 85/4 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 39 | ബിനു ബേബി<br>കിടങ്ങിൽ പടിഞ്ഞാറ്റേ തിൽ<br>വെള്ളപ്പാറ പി.ഒ.,കോന്നി<br>+96 6508388969 | 47/6 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 40 | രാജേഷ്<br>ചക്കിനാട്ട് ഹൗസ്<br>അരുവാപുരം പി.ഒ.<br>7012810029 | 73/12 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 41 | ശിവൻ ടി.ടി.<br>തുണ്ടിൽ ഹൗസ്<br>ഐരവൺ പി.ഒ<br>9645221263 | 50/17 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 42 | സെലിൻ ബാബു<br>മനക്കലത്ത് ഹൗസ്<br>പയ്യനാമൺ<br>8547341503 | 182/10 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 43 | നിഫൽദ്ദീൻ സൈനുദ്ദീൻ<br>ആനിയ വീട്<br>ഐരവൺ പി.ഒ., കോന്നി<br>9447840900/9447113043 | 38/12 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 44 | സൈനുദ്ദീൻ, ഷംസുദ്ദീൻ &<br>നാസറുദ്ദീൻ<br>ആനിയ വീട്<br>ഐരവൺ പി.ഒ., കോന്നി<br>9447840900/9447113043 | 38/18 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 44 | നജ്മുദ്ദീൻ<br>ആനിയ ഹൗസ്<br>ഐരവൺ പി.ഒ., കോന്നി<br>8547674785 (uncle) | 46/14 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 45 | അഡ്വ:രാമചന്ദ്രൻ പി.കെ.<br>പുത്തൻവീട്<br>പൈനാമൺ പി.ഒ., കോന്നി<br>9562640146 (ചന്ദ്രശേഖരൻ) | 85/3 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 46 | ജോർജ്കുട്ടി<br>7559817523 | 203/30 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 47 | ജാനകി എൻ.പി.<br>വട്ടമൺ മുരിക്കേൽ പുതുവൽ<br>പെരിഞ്ഞോട്ടക്കൽ, കോന്നി | 190/1 | കൈവശഭൂമി<br>നഷ്ടമാകുന്നു |

| | | | |
|---|---|---|---|
| | 9656572664 | | |
| 48 | രാജശേഖരൻ നായർ<br>ചേന്നാട്ടുവീട്ടിൽ | 57/5 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 49 | സോമശേഖര പിള്ള<br>മുല്ലയ്ക്കൽ വീട്ടിൽ<br>ഐരവൺ | | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 50 | മത്തായി സാമുവേൽ<br>കമ്പക്കാട്ട്<br>കോന്നിതാഴത്തുമുറിയിൽ | | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 51 | ശിവരാമൻ നായർ<br>ശ്രീമംഗലത്ത് വീട്ടിൽ | | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 52 | മത്തായ് തോമസ് & അന്നമ്മ<br>വർഗീസ് | 204/1 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 53 | വി.ജോസഫ്<br>വയലുംകരോട്ട് ഹൗസ്<br>വട്ടമൺ, കുമ്മന്നൂർ പി.ഒ.,കോന്നി<br>9495765464 | 110/11 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 54 | ദീപ അനിൽകുമാർ<br>മുല്ലക്കൽ (അയണിക്കാട് ഹൗസ്) | 199/6 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 55 | മത്തായ് തോമസ്<br>കമ്പഴപതാലിൽ<br>കോന്നിതാഴത്തുമുറിയിൽ | 204/8 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 56 | സാറാമ്മ തോമസ്<br>വട്ടമണ്ണിൽ പുത്തൻ വീട്<br>ഐരവൺ | 192/1 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 57 | നാരായണപിള്ള<br>മങ്ങാട്ടുപറമ്പിൽ<br>ഐരവൺ | | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 58 | ബിജി റാണി വിത്സൺ<br>കള്ളുവേലിൽ വീട്ടിൽ<br>കോന്നിതാഴത്തുമുറിയിൽ | | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 59 | രാജശേഖരൻ പിള്ള &<br>പങ്കജവല്ലിയമ്മ<br>കൊച്ചുതുണ്ടിൽ പുത്തൻ വീട്<br>പയ്യനാമൺ പി.ഒ<br>കോന്നി<br>8086260320 | 95/7 | കൈവശഭൂമി<br>നഷ്ടമാകുന്നു |
| 60 | രവിപ്രകാശ് എൽ.എ.<br>നടുവിലേക്കോയിക്കൽ<br>കോന്നിത്താഴത്തുമുറിയിൽ<br>കോന്നി | 41/4,<br>41/15,<br>41/20 | കൈവശഭൂമി<br>നഷ്ടമാകുന്നു |

NB: *പദ്ധതി ബാധിത ഭൂമിയിലെ ചമയങ്ങളെക്കുറിച്ച് ഏകദേശവിവരമാണ് നൽകിയിരിക്കുന്നത്*